കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കുമ്പള ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

## ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്

e-mail: doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എസ്.ഡി- 6/1383/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
പിൻ -671123, ഫോൺ നം.04994256690
ഇ.മെയിൽ – doksd.ksad@kerala.gov.in
തീയതി. 17.12.2018

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, കാസറഗോഡ്.

പ്രസിഡന്റ്,(സെക്രട്ടറി മുഖേന)

കുമ്പള ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : കുമ്പള ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുമ്പള ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഇ-മെയിൽ)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.കെ.എസ്.ഡി .6/1383/2018, തിയ്യതി:17.12.2018

# കാസർഗോഡ് ജില്ലയിലെ കുമ്പള ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

*****

കാസർഗോഡ് ജില്ലയിലെ കുമ്പള ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2017 മുതൽ 31-03-2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. മഹേഷ.ബി,ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16-11-2018 മുതൽ 29-11-2018വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. വിനോദ് കുമാർ.സി | ഓഡിറ്റ് ഓഫീസർ |
| ശ്രീ.തോമസ്.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.എം.ബാബു | സീനിയർ ഗ്രേഡ് ഓഡിറ്റർ |

| | |
|---|---|
| ശ്രീ.സുധീഷ്.എൻ.കെ | ഓഡിറ്റർ |

## നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.പുണ്ഡരികാക്ഷ.കെ.എൽ | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ.പ്രശാന്ത് കുമാർ.എ.ആർ | 01.04.2017 മുതൽ 19.06.2017FN വരെ |
| | ശ്രീ.രാമകൃഷ്ണൻ.കെ | 19.06.2017 മുതൽ 15.09.2017FN വരെ |
| | ശ്രീ.വേണു.ബി ( അസി. സെക്രട്ടറി ) | 16.09.2017മുതൽ 23.11.2017 വരെ |
| | ശ്രീ.വിനോദ് കൃഷ്ണൻ.കെ | 24.11.2017മുതൽ 13.12.2017 വരെ |
| | ശ്രീ.വേണു.ബി ( അസി. സെക്രട്ടറി ) | 14.12.2017 മുതൽ 11.02.2018 വരെ |
| | ശ്രീ.അബ്ദുൽ ഫത്താഹ് | 12.02.2018 മുതൽ 14.03.2018FN വരെ |
| | ശ്രീ.ബിജു.എം | 14.03.2018മുതൽ 31.03.2018 വരെ |

## നിർവഹണ ഉദ്യോഗസ്ഥർ

| ക്രമ. നം | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.വേണു.ബി | 15.06.2017മുതൽ 31.03.2018 വരെ<br>(01.04.2017 മുതൽ 14.06.2017 വരെ തസ്തിക ഒഴിഞ്ഞു കിടന്നിരുന്നു). |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി.ജെനോവ | 01.04.2017 മുതൽ 31.03.2018 വരെ |
| 3 | കൃഷി ഓഫീസർ | ശ്രീ.ചവനനരസിംഹലു | 01.04.2017മുതൽ 30.10.2017 വരെ |
| | | ശ്രീ.സാജു എസ് എസ് | 01.11.2017മുതൽ 31.03.2018 വരെ |
| 4 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.നളിനി, കെ. | 01.04.2017 മുതൽ 31.03.2018 വരെ |
| 5 | വി.ഇ.ഒ (ബംഗ്ലാണ സർക്കിൾ) | ശ്രീമതി.ആര്യ, പി. | 01.04.2017 മുതൽ 31.03.2018 വരെ |

| | | | |
|---|---|---|---|
| 6 | വി.ഇ.ഒ. (കുമ്പള സർക്കിൾ) | ശ്രീമതി.ശീന | 01.04.2017 മുതൽ 18.04.2017 വരെ |
| | | ശ്രീ.മുസ്തഫ | 19.06.2017 മുതൽ 31.03.2018 വരെ |
| 7 | പ്രധാനാധ്യാപകൻ | ശ്രീ.രാമചന്ദ്ര ഭട്ട് | 01.04.2017 മുതൽ 31.03.2018 വരെ |
| 8 | വെറ്ററിനറി സർജ്ജൻ | ഡോ.സൂസൻ വർഗീസ് | 01.04.2017 മുതൽ 31.03.2018 വരെ |
| 9 | മെഡിക്കൽ ഓഫീസർ, അലോപ്പതി | ഡോ. സുബ്ബ ഗട്ടി | 01.04.2017 മുതൽ 31.03.2018 വരെ |
| 10 | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ. മഹേഷ് | 01.04.2017 മുതൽ 31.03.2018 വരെ |
| 11 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീ.അബ്ദുല്ല | 01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |

| | | |
|---|---|---|
| 7 | തനത് വരുമാനം. | 1-7 |
| 8 | തൊഴിലുറപ്പ് പദ്ധതി. | 1-8 |
| 9 | ക്ഷേമ പദ്ധതികൾ | 1-9 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 |
| 11 | ആഭ്യന്തരനിയന്ത്രണം. | 1-11 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 |
| ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 13 | പഞ്ചായത്തുടമസ്ഥതയിലുള്ള കെട്ടിടങ്ങളിൻ മേലുള്ള വാടക വരവ് - കുടിശ്ശിക ഈടാക്കേണ്ടതാണ്. | 2-1 |
| 14 | ഡി. & ഒ. ലൈസൻസ് ഫീ പരിശോധന – പൊതു അപാകതകൾ. | 2-2 |
| 15 | തൊഴിൽ നികുതി പരിശോധന – അപാകതകൾ | 2-3 |
| 16 | പഞ്ചായത്ത് പരിധിയിൽ ട്യൂട്ടോറിയൽ രജിസ്ട്രേഷൻ ചെയ്യുന്നില്ല- | 2-4 |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 17 | കൊപ്പളം അങ്കണവാടി നവീകരണം-ഇന്റർലോക്ക് പേവിംഗ് പ്രവൃത്തിക്ക് അധികം നൽകിയ തുക നിരാകരിക്കുന്നു. | 3-1 |
| 18 | പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും സ്റ്റാന്റിങ് കമ്മിറ്റികളുടെ നിരന്തര ഇടപെടൽ ആവശ്യമാണ്. | 3-2 |
| 19 | മരാമത്ത് പ്രവൃത്തികളുടെ ആധിക്യം നിർവ്വഹണത്തെയും നടപടിക്രമങ്ങളെയും ബാധിക്കുന്നു. | 3-3 |

| | | |
|---|---|---|
| 20 | തീരദേശ ലൈബ്രറി സജ്ജീകരണം - പദ്ധതി പ്രകാരം വാങ്ങിയ ഫർണിച്ചർ , കമ്പ്യൂട്ടർ, പുസ്തകങ്ങൾ എന്നിവ ലൈബ്രറിയ്ക്ക് കൈമാറിയിട്ടില്ല. | 3-4 |
| 21 | മൃഗസംരക്ഷണ മേഖലയിൽ നടപ്പാക്കിയ പദ്ധതികൾ -ചെലവ് രേഖകൾ അപൂർണ്ണം | 3-5 |
| 22 | വെറ്റിനറി ഡിസ്പെൻസറിയിലേയ്ക്ക് വാങ്ങിയ മരുന്നുകൾ- ഭൂരിഭാഗം മരുന്നുകളും ഉപയോഗിച്ചിട്ടില്ല | 3-6 |
| 23 | യുനാനി ഡിസ്പൻസറിയിലേക്ക് വാങ്ങിയ സെമി ഓട്ടോമാറ്റിക്ക് ലാബ് മെഷീനും ലാബോറട്ടറി ഉപകരണങ്ങളും ഉപയോഗശൂന്യമായ അവസ്ഥയിൽ: | 3-7 |
| 24 | യുനാനി ഡിസ്പൻസറിയിലേക്ക് ഫർണിച്ചർ വാങ്ങൽ- ഫർണിച്ചറുകൾ മുഴുവനും ലഭ്യമാക്കിയിട്ടില്ല. | 3-8 |
| 25 | മരുന്നുകൾ മുഴുവൻ ലഭ്യമാക്കിയിട്ടില്ല- | 3-9 |
| 26 | എസ്.എസ്.എ.വിഹിതം നൽകിയത് വിനിയോഗ വിവരം പൂർണ്ണമല്ല. | 3-10 |
| 27 | ലൈഫ് ഭവന പദ്ധതി ഗുണഭോക്തൃപട്ടികയിലുള്ള ഭൂരിപക്ഷവും അനർഹർ. | 3-11 |
| 28 | ക്വാറം തികയാതെ ഗ്രാമ സഭകൾ ചേരുന്നു. | 3-12 |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | |
| 29 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 |
| 30 | ഡെപ്പോസിറ്റ് ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 32 | വായ്പ , വായ്പ തിരിച്ചടവ് | 4-4 |
| 33 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 34 | ഓഡിറ്റ് റിക്കവറി | 4-6 |
| 35 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 36 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |


അനുബന്ധപത്രികകൾ


1) ഓഡിറ്റ് സർട്ടിഫിക്കറ്റ്

2) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്

3) റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്

4) ബാലൻസ് ഷീറ്റ്.


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 30.03.2017 ലെ 1/1 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു. ബജറ്റ് വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിത വരവ്-ചെലവ് (രൂപ) |
|---|---:|
| മുന്നിരിപ്പ് | 1,69,89,095 |
| വരവ് | 21,02,54,076 |
| ആകെ | 22,72,43,171 |
| ചെലവ് | 20,91,51,198 |
| നീക്കിയിരിപ്പ് | 1,80,91,973 |

2017-18 വർഷത്തെ പുതുക്കിയ ബജറ്റ് 19.03.2018 ലെ 1/1 നമ്പർ തീരുമാനം പ്രകാരം

അംഗീകരിച്ചു. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | തുക (രൂപ) |
|---|---:|
| മുന്നിരിപ്പ് | 92,46,324 |
| വരവ് | 14,90,24,748 |
| ആകെ | 15,82,71,072 |
| ചെലവ് | 14,90,23,161 |
| നീക്കിയിരിപ്പ് | 92,47,911 |

2017-18 വർഷത്തെ ബജറ്റ് പ്രകാരമുള്ള വരവ്-ചെലവും യഥാർത്ഥ വരവ്-ചെലവും തമ്മിൽ വലിയ അന്തരം കാണുന്നു. ബജറ്റ് തയ്യാറാക്കുന്നതിൽ യാഥാർത്ഥ്യ ബോധത്തോടെയുള്ള സമീപനം ആവശ്യമാണ്.

| ഇനം | പ്രതീക്ഷിത വരവ്-ചെലവ്(രൂപ) | യഥാർത്ഥ വരവ്-ചെലവ്(രൂപ) | ബജറ്റ് പ്രകാരമുള്ള വരവ്-ചെലവും യഥാർത്ഥ വരവ്-ചെലവും തമ്മിലുള്ള അന്തരം(രൂപ) |
|---|---:|---:|---:|
| മുന്നിരിപ്പ് | 1,69,89,095 | 1,48,12,712 | 21,76,383 |
| വരവ് | 21,02,54,076 | 8,63,53,916 | 12,39,00,160 |
| ആകെ | 22,72,43,171 | 10,11,66,628 | 12,60,76,543 |
| ചെലവ് | 20,91,51,198 | 9,47,03,387 | 11,44,47,811 |
| നീക്കിയിരിപ്പ് | 1,80,91,973 | 64,63,241 | 1,16,28,732 |

## 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിന് ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31-07-2018 | 02-06-2018 |

## 1-3 വാർഷിക ധനകാര്യ പത്രികപരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 09-07-2018 to 11-07-2018 | കെ.എസ്.എ-കെ.എസ്.ഡി3/656/18 തി. 10-08-2018 (ഓഡിറ്റ് സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധം 1.ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.) |

വാർഷിക ധനകാര്യപത്രിക പരിശോധനവേളയിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1).2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധന സാക്ഷ്യപത്രത്തിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ 2017-18 വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിട്ടില്ല.

1. ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരം ഡെപ്പോസിറ്റ് റിസീവ്ഡ് തുക 2,95,330/- രൂപയാണ്. ഈ തുകയുടെ ആധികാരികത പരിശോധിക്കാനായി ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ്, ആർട്ടിക്കിൾ 282 ലാപ്സ് ഓഫ് ഡെപ്പോസിറ്റുകളും വർഷാവസാനം മാർച്ച് മാസത്തിൽ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.
2. ബാലൻസ് ഷീറ്റ് B- 11ഷെഡ്യൂൾ പ്രകാരം ഫിക്സഡ് അസ്സറ്റ് തുക 8,64,16,178/-രൂപയാണ്. സചിത്ര സോഫ്റ്റ് വെയർ മുഖേന ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ആയതിനാൽ B-11ഷെഡ്യൂൾ പ്രകാരം ബാലൻസ് ഷീറ്റിൽ കാണിച്ച സ്ഥിരം ആസ്തികളുടെ മൂല്യത്തിന്റെ ആധികാരികത പരിശോധിക്കാനായി അസ്സറ്റ് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
3. ബാലൻസ് ഷീറ്റ് B- 11(a)ഷെഡ്യൂൾ പ്രകാരം ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് തുക 24,05,916/- ഈ തുകയുടെ ആധികാരികത പരിശോധിക്കാനായി രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
4. ഷെഡ്യൂൾ B-9 -ൽ ബാധ്യത ഇനങ്ങളിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ പരിശോധയ്ക്ക് ഹാജരാക്കിയിട്ടില്ല.
5. വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് പത്രികയിൽ RP-7ഷെഡ്യൂൾ പ്രകാരം വികസന ഫണ്ട് ജനറൽ വരവ് 1,68,84,589/- രൂപയാണ്, എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം വരവ് തുക 1,69,21,339/- രൂപയാണ്.

വരവ് തുക പൊരുത്തപ്പെടുന്നില്ല.

6. വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് പത്രികയിൽ RP-7ഷെഡ്യൂൾ പ്രകാരം ജനറൽ പർപ്പസ് ഫണ്ട് വരവ് 1,46,09,000/- രൂപയാണ്, എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ ട്രഷറി ബിൽ ബുക്ക് പ്രകാരം വരവ് തുക 1,45,59,033/- രൂപയാണ്. വരവ് തുക പൊരുത്തപ്പെടുന്നില്ല.

7. വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് പത്രികയിൽ RP-7ഷെഡ്യൂൾ പ്രകാരം വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം ഇനത്തിൽ വരവ് 10,20,000/- രൂപയാണ്, എന്നാൽ സെക്രട്ടറിയുടെ ട്രഷറി ബിൽബുക്ക് പ്രകാരം 19,20,000/- രൂപയാണ് പിൻവലിച്ച് ചെലവഴിച്ചിട്ടുള്ളത് . വരവ് തുക പൊരുത്തപ്പെടുന്നില്ല.

8. MGNREGA – FTO തുക പൊരുത്തപ്പെടുന്നില്ല. വാർഷിക ധനകാര്യ പത്രികയിലെ ഇൻകം& എക്സ്പെൻഡിച്ചർ പത്രിക I-6 ഷെഡ്യൂൾ പ്രകാരമുള്ള ആകെ വരവ് തുകയായ 1,41,05,311/- രൂപയിൽ നിന്നും റസീറ്റ് & പേമെന്റ് പത്രികയിൽ RP-16ഷെഡ്യൂൾ പ്രകാരമുള്ള ചെലവ് തുകയായ 5,10,850/- രൂപ കിഴിച്ച് കിട്ടുന്ന 1,35,94,461/- രൂപയാണ് FTO തുക. എന്നാൽ ഗ്രാമ പഞ്ചായത്ത് സമർപ്പിച്ച FTO പത്രിക പ്രകാരം ഈ തുക 1,42,62,886/-രൂപയാണ്. ഇവ തമ്മിലുള്ള വ്യത്യാസം 6,68,425/- രൂപയാണ്. ഈ തുക റസീറ്റ് & പേമെന്റ് പത്രികയിലെ 460500501 ഹെഡിലെ നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള മുൻകൂർ നൽകിയ തുകയായ 20,233/- രൂപയുമായി പൊരുത്തപ്പെടുന്നില്ല.

9. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല. പരിശോധനയ്ക്ക് ലഭ്യമാക്കിയ ഡിമാന്റ്, കളക്ഷൻ, ബാലൻസ് സ്റ്റേറ്റ്മെന്റിലെ തുകകൾ വാർഷികകണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

10. വാർഷിക ധനകാര്യ പത്രികയിലെ ഇൻകം& എക്സ്പെൻഡിച്ചർ പത്രിക, റസീറ്റ് & പേമെന്റ് പത്രിക എന്നിവ പ്രകാരം തൊഴിൽ നികുതി- തൊഴിൽ നികുതി ട്രെഡേഴ്സ് ഡിമാന്റ് 55,00,00, കളക്ഷൻ 4,14,600, തൊഴിൽ നികുതി -ജീവനക്കാർ ഡിമാന്റ് 18,84,533, കളക്ഷൻ 18,84,533 ഈ തുകകളുടെ കൃത്യത പരിശോധിക്കാൻ ഡിമാന്റ്/കളക്ഷൻ രജിസ്റ്ററുകൾ പൂർത്തീകരിച്ച് സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

11. വാർഷിക ധനകാര്യ പത്രികയിലെ ഇൻകം& എക്സ്പെൻഡിച്ചർ പത്രിക, റസീറ്റ് & പേമെന്റ് പത്രിക എന്നിവ പ്രകാരം ഡി&ഒ ലൈസൻസ് ഡിമാന്റ് 1,75,000, കളക്ഷൻ 1,21,320 ഈ തുകകളുടെ കൃത്യത പരിശോധിക്കാൻ ഡിമാന്റ്/കളക്ഷൻ രജിസ്റ്ററുകൾ പൂർത്തീകരിച്ച് സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

12. വാർഷിക ധനകാര്യ പത്രികയിലെ ഇൻകം& എക്സ്പെൻഡിച്ചർ പത്രിക, റസീറ്റ് & പേമെന്റ് പത്രിക എന്നിവ പ്രകാരം ബിൽഡിംഗ് റെന്റ് , ഓഡിറ്റോറിയം & ഹാൾ, എന്നീ ഇനങ്ങളിലെ വരവ് വിവരം താഴെ ചേർക്കുന്നു.

| ഇനം | ഡിമാന്റ് | കളക്ഷൻ |
|---|---|---|
| ബിൽഡിംഗ് റെന്റ് | 17,83,903 | 14,72,703 (കറന്റ്) |

| | | |
|---|---|---|
| | | 2,34,472 (അരിയർ) |
| ഓഡിറ്റോറിയം & ഹാൾ | 11,000 | 11,000 |

ഈ തുകകളുടെ കൃത്യത പരിശോധിക്കാൻ ഡിമാന്റ്/കളക്ഷൻ രജിസ്റ്ററുകൾ പൂർത്തീകരിച്ച് സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

13. ഡെപ്പോസിറ്റ് റിസീവ്ഡ് തുക പൊരുത്തപ്പെടുന്നില്ല. RP-34 ഡെപ്പോസിറ്റ് റിസീവ്ഡ് തുകയും, RP-34 ഡെപ്പോസിറ്റ് റിസീവ്ഡ് പേയ്മെന്റ് തുകയും, B-7 ഡെപ്പോസിറ്റ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ഡെപ്പോസിറ്റ് ഇനങ്ങൾ | OB- B-7 (2016-17 AFS) | വരവ് RP-34 | ആകെ | ചെലവ് RP-34 (പേയ്മെന്റ്) | CB B-7 | ആകെ വേണ്ടുന്ന നീക്കിയിരിപ്പ് തുക |
|---|---|---|---|---|---|---|
| Suppliers'EMD | 1,000 | 8,728 | 9,728 | 10,000 | 14,728 | -270 |
| Bidders'EMD | 35,100 | 8,760 | 43,860 | 2,000 | 44,860 | 41,860 |
| Suppliers'SD | 47,173 | 5,180 | 52,353 | 25,000 | 47,353 | 27,353 |
| Bidders'SD | 6,950 | 26,120 | 33,070 | ഇല്ല | 41,415 | 33,070 |
| Rent Deposit | 42,991 | ഇല്ല | 42,991 | ഇല്ല | 82,469 | 42,991 |

മേൽ ഡെപ്പോസിറ്റ് റിസീവ്ഡ് തുകB-7ഷെഡ്യൂൾ പ്രകാരമുള്ള ഡെപ്പോസിറ്റ് റിസീവ്ഡ് തുക യുമായി പൊരുത്തപ്പെടുന്നില്ല

<u>വാർഷിക ധനകാര്യപത്രിക അധിക നിരീക്ഷണങ്ങൾ (ഓഡിറ്റ് വേളയിൽ കണ്ടെത്തിയത്)</u>

എ) ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സിൽ (ബാലൻസ് ഷീറ്റിലെ ബി 11a) ഉൾപ്പെടുത്തിയ തുക ശരിയല്ല.

ബാലൻസ് ഷീറ്റിലെ ബി 11a യിൽ ഉൾപ്പെടുത്തിയ തുക കിദൂർ കണ്ടങ്കാരടുക്ക എസ്.സി കോളനി കുടിവെള്ള പദ്ധതിക്കായി കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച 24,05,916 രൂപയാണ്. ഇത് ശരിയല്ല, ഈ തുക ബാലൻസ് ഷീറ്റിൽ ബി 18a യിൽ ആയിരുന്നു ഉൾപ്പെടുത്തേണ്ടിയിരുന്നത്. പ്രൊ.നം 335/18, 350/18, 316/18 എന്നിവ പ്രകാരം 2017-18 വർഷം പാർട്ട് പേയ്മെന്റ് നല്കിയിരുന്ന 23,61,757 രൂപയായിരുന്നു ബാലൻസ് ഷീറ്റിലെ ബി 11a യിൽ ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സിൽ ഉൾപ്പെടുത്തേണ്ടിരുന്നത്

ബി) ബി ഫണ്ട് ഇനത്തിൽ ലഭ്യമായി വിനിയോഗിച്ച വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം- 19,20,000 രൂപയിൽ 9,00,000 രൂപയും, നെൽകൃഷി ഉൽപാദന ബോണസ്സ് ഇനത്തിലെ 3,80,000 രൂപയും, തൊഴിലുറപ്പ് പദ്ധതി ഓണം അലവൻസായി സംസ്ഥാന സർക്കാർ അനുവദിച്ച 1,52,000/- രൂപയും വാർഷിക കണക്കിൽ രസീപ്റ്റ് & പേയ്മെന്റ്

പത്രികയിൽ ഉൾപ്പെടുത്തിക്കാണുന്നില്ല.

സി) സംയുക്ത പദ്ധതിയ്ക്കായി മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച ചില തുകകൾ ഉൾപ്പെടുത്താതെയാണ് ഗ്രാമ പഞ്ചായത്ത് ബന്ധപ്പെട്ട പദ്ധതികൾ തയ്യാറാക്കിയിരിക്കുന്നത്. ഇതിൽ ചില തുകകൾ ചെലവഴിച്ചിട്ടുണ്ട്.എന്നാൽ ഇവ വാർഷിക പദ്ധതി അടങ്കലിലോ ചെലവിലോ ഉൾപ്പെട്ടിട്ടില്ല

| ക്രമ.നം | പദ്ധതി | ലഭിച്ചതുക | ചെലവ് |
|---|---|---|---|
| 1 | പച്ചക്കറി കൃഷി കൂലിച്ചിലവ് (കാസറഗോഡ് ബ്ലോക്ക്) | 2,55,000/- | 2,55,000/- |
| 2 | പെയിൻ & പാലിയേറ്റീവ് (കാസറഗോഡ് ബ്ലോക്ക്) | 2,00,000/- | 2,00,000/- |
| 3 | പെയിൻ & പാലിയേറ്റീവ് (ജില്ലാ പഞ്ചായത്ത് ) | 1,00,000/- | 1,00,000/- |

അതുപോലെ ചില പൊതുമരാമത്ത് പദ്ധതികൾക്കായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ തനത് ഫണ്ട് വിഹിതത്തിന്റെ ചെലവ് വിവരങ്ങൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തുവാൻ വിട്ടുപോയിട്ടുണ്ട്. ഇത്തരം അപാകതകൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-4 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| | |
|---|---|
| മുന്നിരിപ്പ് | 148,12,712 |
| വരവ് | 8,63,53,916 |
| ആകെ | 10,11,66,628 |
| ചെലവ് | 9,47,03,387 |
| നീക്കിയിരിപ്പ് | 64,63,241 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) (2017-18)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 2,37,32,840 | 2,37,32,840 | 1,69,21,339 | 68,11,501 | 71.3 |
| വികസനഫണ്ട് എസ്.സി.പി. | 0 | 54,00,967 | 54,00,967 | 54,00,967 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി. | 0 | 4,79,805 | 4,79,805 | 1,30,900 | 3,48,905 | 27.28 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 91,48,000 | 91,48,000 | 62,00,872 | 29,47,128 | 67.78 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 63,28,304 | 63,28,304 | 54,25,362 | 9,02,942 | 85.73 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 1,41,47,071 | 1,41,47,071 | 1,41,47,071 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് (KLGSDP) | 0 | 0 | 0 | 0 | 0 | - |
| ബി. ഫണ്ട് | 0 | 10,33,800 | 10,33,800 | 10,33,800 | 0 | 100 |
| T.S.B. സംയുക്ത പദ്ധതി | 0 | 10,91,270 | 10,91,270 | 9,91,155 | 1,00,115 | - |
| ട്രഷറി T.S.B. | 6,58,838 | 2,09,58,871 | 2,16,17,709 | 2,64,67,203 | -48,49,494 | - |
| എസ്. ബി. ഐ. കുമ്പള( ഇ സാൻഡ്) | 72,32,306 | 1,25,73,643 | 1,98,05,949 | 1,35,74,247 | 62,31,702 | - |
| ബാങ്ക്( കേരള ഗ്രാമീണ ബാങ്ക് ) - എം.ജി. എൻ.ആർ.ഇ. ജി.എ. | 40,701 | 9,25,417 | 9,66,118 | 9,19,924 | 46,194 | |
| കെ. ഡി. സി. ബി. | 54,45,202 | 14,36,335 | 68,81,537 | 35,14,272 | 33,67,265 | |
| എസ്. സി. ബി,കുമ്പള | 11,50,644 | 43,094 | 11,93,738 | 85,778 | 11,07,960 | |

| | | | | | | |
|---|---|---|---|---|---|---|
| ബാങ്ക്(എസ്. ബി. ഐ, ഇപെയ്മെന്റ്) | 1,21,158 | 99,377 | 2,20,535 | 9,390 | 2,11,145 | |
| കെ.ജി.ബി-ഹരിയാലി | 51,718 | 2,156 | 53,874 | 0 | 53,874 | - |
| എസ്. സി. ബി-കുമ്പള(Ac No 20878) | 1,220 | 49 | 1,269 | 0 | 1,269 | - |
| കെ.ജി.ബി (ദുരിദാശ്വാസ നിധി) | 3,527 | 143 | 3,670 | 0 | 3,670 | |
| ക്യാഷ് | 1,07,398 | 0 | 1,07,398 | -82,143 | 1,89,541 | |
| ആകെ | 1,48,12,712 | 9,74,01,142 | 11,22,13,854 | 9,47,40,137 | 1,74,73,717 (യഥാർത്ഥ നീക്കിയിരിപ്പ് 64,63,241) | |

(*വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യക്കമ്മീഷൻ ഗ്രാന്റ്, ലോകബാങ്ക് ധനസഹായം എന്നീയിനങ്ങളിലെ നീക്കിയിരിപ്പ് തുകകൾ (11,22,13,854/- രൂപ) സഞ്ചിത നിധിയിൽ ലയിപ്പിക്കപ്പെട്ടതിനാൽ ഈയിനങ്ങളിൽ നീക്കിയിരിപ്പില്ല. ലാപ്സായ തുക കണക്കാക്കുന്നതിന് വേണ്ടിയാണ് മേൽ ഇനങ്ങളിലെ നീക്കിയിരിപ്പ് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വികസനഫണ്ട് പൊതുവിഭാഗം ഇനത്തിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ഉള്ള തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകയേക്കാൾ 36,750/-രൂപ കൂടുതലാണ്.)

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 316 | 172 | 3 | 141 | 54.43 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2017-18 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2017-18 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 27 | 1,25,21,707 | 9 | 57,50,966 | 45.93% |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 8 | 53,71,200 | 6 | 35,53,516 | 66.16% |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 242 | 7,45,78,875 | 130 | 3,57,46,605 | 47.93% |
| 4 | കൃഷി ഓഫീസർ | 10 | 90,67,481 | 5 | 41,55,176 | 45.83% |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 46,20,027 | 2 | 26,90,000 | 58.22% |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 90,64,500 | 7 | 85,01,156 | 93.79% |
| 7 | വെറ്റനറി സർജ്ജൻ | 6 | 27,42,000 | 6 | 14,47,131 | 52.78% |
| 8 | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 1 | 4,00,000 | 1 | 4,00,000 | 100% |
| 9 | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 3 | 13,00,000 | 3 | 9,56,949 | 73.61% |

| | | | | | | |
|---|---|---|---|---|---|---|
| 10 | പ്രധാനാധ്യാപകൻ | 9 | 47,63,800 | 6 | 39,29,145 | 82.48% |
| | ആകെ | 316 | 12,44,29,590 | 175 | 6,71,30,644 | 53.95% |

2017-18 സാമ്പത്തിക വർഷം ആകെ 316 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചെങ്കിലും 175 പദ്ധതികൾ മാത്രമാണ് തൻവർഷം നടപ്പിലാക്കിയത്. അതായത് അംഗീകാരം ലഭിച്ച പദ്ധതികളുടെ 55.4% മാത്രമാണ് നടപ്പിലാക്കിയത്. തൻവർഷം 242 പൊതുമരാമത്ത് പ്രവൃത്തികളാണ് അംഗീകരിച്ച പദ്ധതി പ്രകാരം നടപ്പാക്കേണ്ടിയിരുന്നത് എന്നാൽ 130 മരാമത്ത് പ്രവൃത്തികൾ മാത്രമേ നടപ്പാക്കാൻ സാധിച്ചുള്ളൂ. തൻവർഷം വകയിരുത്തിയ തുകയുടെ 47.93% മാത്രമാണ് അസിസ്റ്റന്റ് എഞ്ചിനീയർ ചെലവഴിച്ചത്. നിർവ്വഹണോദ്യോഗസ്ഥന്മാരായ സെക്രട്ടറി തൻവർഷം വകയിരുത്തിയ തുകയുടെ 45.93% മാത്രമാണ് ചെലവഴിച്ചത്, തൻവർഷം നിർവ്വഹണത്തിനുണ്ടായിരുന്ന 27 പ്രൊജക്ടുകളിൽ 9 പ്രൊജക്ടുകൾ മാത്രമാണ് സെക്രട്ടറി നടപ്പാക്കിയത്. അതുപോലെ അസിസ്റ്റന്റ് സെക്രട്ടറി തൻവർഷം വകയിരുത്തിയ തുകയുടെ 66.16% മാത്രമാണ് ചെലവഴിച്ചത്, കൃഷി ഓഫീസർ തൻവർഷം വകയിരുത്തിയ തുകയുടെ 45.83% മാത്രമാണ് ചെലവഴിച്ചത് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തൻവർഷം വകയിരുത്തിയ തുകയുടെ 58.22% മാത്രമാണ് ചെലവഴിച്ചത്, വെറ്ററിനറി സർജ്ജൻ വകയിരുത്തിയ തുകയുടെ 52.78% മാത്രമാണ് ചെലവഴിച്ചത്. നിർവ്വഹണോദ്യോഗസ്ഥന്മാരുടെ കുറഞ്ഞ ചെലവ് ശതമാനം ഭരണ സമിതിയുടെയും ശ്രദ്ധയിൽപെടുത്തുന്നു.

## 1-7 തനത് വരുമാനം.

മുൻ വർഷത്തെ അപേക്ഷിച്ച് തൻവർഷം തനത് നികുതി നികുതിയേതര വരുമാനയിനങ്ങളുടെ വരവിൽ 1.86% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം (രൂപ) | തൻവർഷം (രൂപ) | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 78,14,496 | 79,55,453 | (+) 1,40,957 | (+) 1.80 |
| നികുതിയേതര വരവുകൾ | 30,37,037 | 30,90,249 | (+) 53,212 | (+) 1.75 |
| മറ്റുള്ളവ | 4,04,146 | 4,19,321 | (+) 15,175 | (+) 3.75 |
| ആകെ | 1,12,55,679 | 1,14,65,023 | (+) 2,09,344 | (+) 1.86 |

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (രൂപ) | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കിയിരിപ്പ് (രൂപ) |
|---|---|---|---|---|---|
| ഭരണച്ചെലവ് | 40,701 | 9,86,079 | 10,26,780 | 9,80,586 | 46,194 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,40,32,486 | 1,40,32,486 | 1,40,32,486 | 0 |

| | | | | | |
|---|---|---|---|---|---|
| ആകെ | 40,701 | 1,50,18,565 | 1,50,59,266 | 1,50,13,072 | 46,194 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2017-18 വർഷം 1234 പദ്ധതികളുൾപ്പെടുന്ന ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. എന്നാൽ തൻ വർഷം 283 പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത്. തൻ വർഷം ഈ മേഖലയിൽ പ്രധാനമായും ഭൂവികസനപദ്ധതികളാണ് ഏറ്റെടുത്ത് നടപ്പാക്കിയത്. മഴക്കുഴി നിർമ്മാണം, തരിശ് ഭൂമി കൃഷിയോഗ്യമാക്കൽ, പരമ്പരാഗത ജല സ്രോതസ്സുകളുടെ പുനരുദ്ധാരണം, ഐ.എ.വൈ. പദ്ധതി പ്രകാരം ഭവന പദ്ധതി, ജലസംരക്ഷണ പദ്ധതികൾ തുടങ്ങിയവയാണ് ഈ വർഷം നടപ്പാക്കിയ പദ്ധതികൾ. തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 56,298 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ദിനം ലഭിച്ച 178 കുടുബങ്ങളുണ്ട്.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.11.2018 ന് (3 pm) സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2,387/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 13,800 | 21 |
| കർഷകതൊഴിലാളി പെൻഷൻ | 8,16,500 | 71 |
| വിധവാപെൻഷൻ | 2,17,15,200 | 2019 |
| വാർദ്ധക്യകാലപെൻഷൻ | 2,42,12,900 | 1981 |
| വികലാംഗപെൻഷൻ | 66,55,200 | 596 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 1,77,000 | 18 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 19,20,000 | 64 |

## 1-11 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം. | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി. | 1 |
| 3 | ജൂനിയർ സൂപ്രണ്ട് | 1 |
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 3 |
| 6 | ക്ലാർക്ക് | 5 |
| 7 | ഓഫീസ് അറ്റൻഡന്റ് | 2 |
| 8 | ഫുൾ ടൈം സ്വീപ്പർ | 4 |
| 9 | പാർട്ട് ടൈം നേഴ്സറി ടീച്ചർ | 1 |
| 10 | പാർട്ട് ടൈം നേഴ്സറി ആയ | 1 |

2017-2018 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിലെ പ്രധാന തസ്തികകൽ പലതും ദീർഘകാലമായി ഒഴിഞ്ഞുകിടന്നിരുന്നു. വിവിധ തസ്തികളിലെ ഒഴിവു വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | തസ്തിക | തസ്തിക ഒഴിഞ്ഞുകിടന്നിരുന്ന കാലയളവ് |
|---|---|---|
| 1 | സെക്രട്ടറി | 16.09.2017 മുതൽ 23.11.2017 വരെ |
| | | 14.12.2017 മുതൽ 11.02.2018 വരെ |
| 2 | അസിസ്റ്റന്റ് സെക്രട്ടറി. | 01.04.2017 മുതൽ 14.06.2017 വരെ |
| 3 | ജൂനിയർ സൂപ്രണ്ട് | 01.04.2017 മുതൽ 14.06.2017 വരെ |
| 4 | സീനിയർ ക്ലാർക്ക് | 01.05.2017 മുതൽ 24.07.2017 വരെ |
| | | 24.01.2018 മുതൽ 27.02.2018 വരെ |
| 5 | ക്ലാർക്ക് | 01.04.2017 മുതൽ 07.10.2018 വരെ |
| | | 01.12.2017 മുതൽ 02.03.2018 വരെ |

23.08.2017 മുതൽ അക്കൗണ്ടന്റിന്റെ തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. ജീവനക്കാരുടെ കുറവ് ഓഫീസ് പ്രവർത്തനത്തെയും പദ്ധതിനിർവ്വഹണത്തെയും ബാധിക്കുന്നുണ്ട്.

19.07.2018 ലെ ഉത്തരവ് നം. 34/2018 പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്. ഓഫീസ് ഉത്തരവിൽ പിന്നീട് പുതിയ ചുമതലകൾ വരുന്നതിന്റെയടിസ്ഥാനത്തിൽ നിരവധി ഉപ ഉത്തരവുകൾ പ്രകാരം

കൂട്ടിചേർക്കലുകളുണ്ടായിട്ടുണ്ട്.

ജീവനക്കാരുടെ സേവന പുസ്തകം കൃത്യമായി പരിപാലിക്കുന്നുണ്ട്. ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ബാങ്ക് അക്കൌണ്ട് മുഖേനയാണ് വിതരണം നടത്തുന്നത്. ജീവനക്കാരുടെ ശമ്പള പരിഷ്കരണം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും സമയാസമയങ്ങളിൽ അംഗീകാരം വാങ്ങുന്നില്ല. ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ചുവടെ പറയുന്ന ജീവനക്കാരുടെ ശമ്പളം 01.07.2014ന് ജി.ഒ. (പി.) നം. 7/2016/Fin. തീയതി 20.01.2016 പ്രകാരം പരിഷ്കരിച്ചത് അംഗീകാരം വാങ്ങിയിട്ടില്ല.

| ക്രമ നം. | ജീവനക്കാരന്റെ പേര് | തസ്തിക |
|---|---|---|
| 1 | ശ്രീമതി.യു.കൃഷ്ണ | പാർട്ട് ടൈം നേഴ്സറി ആയ |
| 2 | ശ്രീമതി.മൈമൂന | പാർട്ട് ടൈം നേഴ്സറി ടീച്ചർ |
| 3 | ശ്രീമതി.സരോജനി.യു. | ഓഫീസ് അറ്റൻഡന്റ് |
| 4 | ശ്രീ.പദ്മനാഭ.കെ | ഫുൾ ടൈം സ്വീപ്പർ |
| 5 | ശ്രീ.പദ്മനാഭ സാപല്യ | ഫുൾ ടൈം സ്വീപ്പർ |
| 6 | ശ്രീമതി.ശാലിനി.കെ | ഫുൾ ടൈം സ്വീപ്പർ |

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (staff meeting) 2017-2018 സാമ്പത്തിക വർഷം 9 തവണ ചേർന്നിട്ടുണ്ട്. ജീവനക്കാരുടെ യോഗം മാസത്തിൽ ഒരുതവണയെങ്കിലും ചേരേണ്ടതും ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ്.

ജീവനക്കാരുടെ ഹാജർ കൃത്യമായി രേഖപ്പെടുത്തുന്നുണ്ടെങ്കിലും. ജീവനക്കാർ സ്ഥലം മാറിപോകുമ്പോഴും അവധിയിൽ പ്രവേശിക്കുമ്പോഴും വിവരങ്ങൾ ഹാജർ പട്ടികയിൽ രേഖപ്പെടുത്തുന്നില്ല. ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷനും മറ്റ് ശമ്പള റിക്കവറികളും കൃത്യമായി ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ഒടുക്കുന്നുണ്ട്.

ബഡ്ജറ്റ് പാസ്സാക്കിയെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചിലവ് കണക്കുകള് കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. സ്ഥാപനത്തിന്റെ വാർഷിക ബഡ്ജറ്റും യഥാർത്ഥ വരവ്-ചെലവും തമ്മിൽ വലിയ അന്തരം ഉണ്ട്. സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ അക്കൌണ്ട് ചെയ്യപ്പെടുന്നുണ്ടെങ്കിലും ചില വരവ്-ചിലവുകൾ വാർഷിക കണക്കിൽ ഉൾപ്പട്ടിട്ടില്ല.സുലേഖ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ പഞ്ചായത്തിന്റെ ചെലവ് പത്രികയിൽ കൃഷി, പൊതുമരാമത്ത് മേഖലയിൽ ഉൾപ്പെട്ട ചില പ്രൊജക്ടുകളുടെ തനത് ഫണ്ട് വിഹിതം ചേർത്തിട്ടില്ല. ക്യാഷും അക്കൌണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. അക്കൌണ്ട്സുകളും അക്കൌണ്ട് പോളിസികളും പാലിക്കുന്നുണ്ട്. അക്കൗണ്ടന്റിന്റെ തസ്തിക ഒഴിഞ്ഞുകിടക്കുന്നതിലാൽ ദിവസാന്ത്യ/മാസാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നില്ല. അക്കൌണ്ടിന്റെ ബാക്ക്അപ്പ് കൃത്യമായി എടുത്ത് സൂക്ഷിക്കുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപെട്ടിട്ടുണ്ട്. ചില അക്കൌണ്ടുകളിൽ ഇടപാടുകൾ ഒന്നും തന്നെയില്ല. പ്രസിഡന്റിന്റെ ദുരിദാശ്വാസ നിധിയിക്കായി ഒരു അക്കൌണ്ട് ഉണ്ടെങ്കിലും ആയതിൽ

തുകയൊന്നും തന്നെ നാളിതുവരെ നിക്ഷേപിച്ചിട്ടില്ല. ദിവസേനയുള്ള വരവുകൾ ബാങ്കിൽ കൃത്യമായി ഒടുക്കുന്നുണ്ട്. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

ബാങ്ക്/ട്രഷറി അക്കൌണ്ടുകളുടെ പൊരുത്തപ്പെടുത്തൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. ഡി. സി. ബി. യിൽ വസ്തു നികുതി, തൊഴില് നികുതി, എന്നിവയൊഴികെയുള്ളവ കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട് എന്ന് ഉറപ്പാക്കുന്നതിനുള്ള സംവിധാനം ഇല്ല. നികുതി നിർണ്ണയം നടത്തുന്നത് സഞ്ചയ സോഫ്റ്റ്വെയർ മുഖേനയാണ്. സഞ്ചയ സോഫ്റ്റ്വെയറിൽ കണക്കുകൾ തയ്യാറാക്കുമ്പോൾ അപാതകകളുണ്ട്. സ്ഥാപനം നികുതി പരിവ് കാര്യക്ഷമമായി നടത്തുന്നുണ്ട്. തൻ വർഷം 100 % നികുതി പിരിവ് കൈവരിച്ചിട്ടില്ല. നികുതി പരിവ് കാര്യക്ഷമമായി നടത്തേണ്ടതാണ്.

സാധന സാസാമഗ്രികൾ സമാഹരിക്കുന്നതിനുള്ള ചട്ടങ്ങളും സ്റ്റോർ പർച്ചേസ് ചട്ടങ്ങളും സ്ഥാപനം അനുസരിക്കുന്നുണ്ട്. ടെണ്ടർ നടപടി ക്രമങ്ങൾ സ്ഥാപനം കൃത്യമായി പാലിക്കുന്നുണ്ട്. ഗ്രമപഞ്ചായത്തിലെ പി.എച്ച്.സി. യിലേക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങലിലേക്ക് പണം നല്കിയിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണമായും ലഭിച്ചിട്ടില്ല. സാധന സാമഗ്രികളുടെ സമാഹരണവുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. കേരളത്തിൽ സർക്കാറിന്റ കീഴിലുള്ള ഏക യുനാനി ഡിസ്പെൻസറി പ്രവർത്തിക്കുന്നത് കുമ്പള ഗ്രമപഞ്ചായത്തിലാണ്. ഈ സ്ഥാപനത്തിനായി 2016-17 സാമ്പത്തിക വർഷം ഗ്രമപഞ്ചായത്ത് വാങ്ങിനൽകിയ ലാബോറട്ടറി ഉപകരണങ്ങൾ ഇപ്പോഴും ഉപയോഗിക്കാതെ ഡിസ്പെൻസറിയിൽ സൂക്ഷിച്ചിരിക്കുകയാണ്. യുനാനി ഡിസ്പെൻസറിയിലെ മെഡിക്കൽ ഓഫീസർ ഗ്രമപഞ്ചായത്തിന്റെ നിർവഹണോദ്യോഗസ്ഥനല്ല. ആശുപത്രിയുടെ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് യുനാനി മെഡിക്കൽ ഓഫീസറെ നിർവഹണോദ്യോഗസ്ഥനാക്കേണ്ടതാണ്.

ആസ്തികൾ കൃത്യമായി മൂല്യ നിർണ്ണയം ചെയ്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2017-2018 സാമ്പത്തിക വർഷം പഞ്ചായത്ത് ഭരമസമിതി 33 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 19പ്രാവശ്യവും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 17പ്രാവശ്യവും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 18 പ്രാവശ്യവും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 11 പ്രാവശ്യവും യോഗം ചേരുന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ 24.03.2018, 26.03.2018 എന്നീ തീയതികളിൽ ചേർന്ന ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ യോഗ തീരുമാനങ്ങൾ ഭാഗികമായി മാത്രമാണ് മിനിട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ 05.01.2018ലെ തീരുമാനം നം-3 പ്രകാരം 100% നികുതി പിരിവ് കൈവരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി തീരുമാനിക്കുകയും ഈ തീരുമാനം നടപ്പാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെ ചുമതലപ്പെടുത്തിയുട്ടുണ്ടെങ്കിലും 57.52% നികുതി പിരിവ് മാത്രമെ കൈവരിച്ചിട്ടുള്ളു. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിച്ചിട്ടില്ല. സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ നിർവ്വഹണോദ്യോഗസ്ഥൻമാർ പങ്കെടുക്കുന്നില്ല. സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ നിർവ്വഹണോദ്യോഗസ്ഥൻമാരുടെ സാന്നിധ്യം

ഉറപ്പുവരുത്തേണ്ടതാണ്.

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.09.2018, 18.09.2018 | 9/2018 വരെ | 23.10.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.04.2018 | 2013-14 മുതൽ 2016-17 വരെ | 28.06.2018 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പഞ്ചായത്തുടമസ്ഥതയിലുള്ള കെട്ടിടങ്ങളിൻ മേലുള്ള വാടക വരവ് - കുടിശ്ശിക ഈടാക്കേണ്ടതാണ്.

1. പഞ്ചായത്ത് ഡയറക്ടർ അംഗീകരിച്ച വാടക കെട്ടിട നിയമാവലിയിൽ കെട്ടിടം ലേലം കൊണ്ട വാടകക്കാരിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ്, മൂന്ന് മാസത്തെ മുൻകൂർ വാടക എന്നിവ ഈടാക്കണമെന്ന് പറഞ്ഞിട്ടുണ്ട്. ആയത് ഈടാക്കിയിട്ടില്ല.

2. നിയമാവലിയിൽ പറഞ്ഞിരിക്കും പ്രകാരം വാടകക്കാരിൽ നിന്നും Solvency certificateലഭ്യമാക്കിയിട്ടില്ല.

3. 2017-18 വർഷത്തെ വാടകക്കാരിൽ നിന്നും താഴെ ക്കൊടുത്തിരിക്കുന്ന കാലയളവിലേക്കുള്ള വാടക കുടിശിക വരുത്തിയിട്ടുണ്ട്.

| ക്രമ നം. | വാടകക്കാരന്റെ പേര് | കെട്ടിട നം. | ഈടാക്കേണ്ടുന്ന പ്രതിമാസവാടക | കുടിശ്ശിക വരുത്തിയ കാലയളവ് |
|---|---|---|---|---|
| 1 | രഘുരാമ, ചത്രുംപള്ള | 10-398 C (23/1349) | 6,930/- (നികുതികൾ | 2017 ഏപ്രിൽ മുതൽ 2018 മാർച്ച് വരെ |

| | | | | |
|---|---|---|---|---|
| | | | ഉൾപ്പെടാതെ) | |
| 2 | കേശവ,<br>ഇച്ചിലം പാടി | 10-398 H (23/1351) | 6,032/- (നികുതികൾ ഉൾപ്പെടാതെ) | 2017 ഏപ്രിൽ മുതൽ 2018 മാർച്ച് വരെ |
| 3 | ഇബ്രാഹിം ഖലീൽ,മൊഗ്രാൽ | 10-400 A (23/1337-A) | 1,274/- (നികുതികൾ ഉൾപ്പെടാതെ) | 2017 ഏപ്രിൽ മുതൽ 2018 മാർച്ച് വരെ |
| | ശ്രീനിവാസ, മൊഗ്രാൽ പുത്തൂർ | 10-413 (23/1359) | 1,985/-(നികുതികൾ ഉൾപ്പെടാതെ) | 2017 ഏപ്രിൽ മുതൽ 2018 മാർച്ച് വരെ |
| 4 | മുണ്ടപ്പ ഷെട്ടി, ബംബ്രാണ | 10-403 (23/1340) | 4,838/-<br>+(CGST-436, SGST-436) | 2017 നവമ്പർ |
| 5 | ഫാത്തിമ, ബംബ്രാണ | 10-398 B (23/1348) | 5,705/-<br>+(CGST-514, SGST-514) | 2017 ആഗസ്റ്റ് മുതൽ 2018 മാർച്ച് വരെ കാലയളവിലേക്ക് പിഴ ഉൾപ്പെടാതെ ഈടാക്കേണ്ടിയിരുന്ന തുക 53,864/- രൂപയാണ് (6,733x8). എന്നാൽ പിഴ സഹിതം (1,958 രൂപ) 49,089/- മാത്രമാണ് ഈടാക്കിയിട്ടുള്ളത്. |
| 6 | മൊഹമ്മദ് കെ എം, മൊഗ്രാൽ | 10-1249-D (23/614) | 8,227/-<br>+(CGST-741, SGST-741) | 2017 ജൂൺ മുതൽ 2018 മാർച്ച് വരെ കാലയളവിലേക്ക് പിഴ ഉൾപ്പെടാതെ ഈടാക്കേണ്ടിയിരുന്ന തുക 97,090/- രൂപയാണ് (9709x10). എന്നാൽ പിഴ സഹിതം (4,536 രൂപ) 91,917/- മാത്രമാണ് ഈടാക്കിയിട്ടുള്ളത്. |

മേൽ കുടിശ്ശിക തുകകൾ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ( ഓഡിറ്റ് എൻക്വയറി നം. 12/ 27.11.2018)

## 2-2 ഡി. & ഒ. ലൈസൻസ് ഫീ പരിശോധന – പൊതു അപാകതകൾ.

സ്വയംഭരണ അധികാരമുള്ള പഞ്ചായത്തിന്റെ ഏതെങ്കിലുമൊരു സ്ഥലം മനുഷ്യന്റെ ജീവനോ സ്വത്തിനോ ആരോഗ്യത്തിനോ അപകടകരമാകാനിടയുള്ള കാര്യങ്ങൾക്ക് ഉപയോഗിക്കുകയാണെങ്കിൽ സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു. (കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232). സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കേണ്ടതും പുതുതായി ആരംഭിക്കുന്നവയുടെ കാര്യത്തിൽ തുടങ്ങുന്നതിന് 30 ദിവസം മുമ്പും ലൈസൻസിന് അപേക്ഷിക്കേണ്ടതുണ്ട്. പ്രവർത്തിക്കാനാവശ്യമായ ലൈസൻസ് നിശ്ചിത ഫീസീടാക്കിയാണ് (പട്ടിക II, III & IV) പഞ്ചായത്ത് നൽകേണ്ടത് (ചട്ടം 10).

2017-18 സാമ്പത്തിക വർഷത്തെ ലൈസൻസ് സംബന്ധിച്ച സംക്ഷിപ്തം.

| പുതിയതായി അപേക്ഷിച്ചവർ | പുതുക്കുന്നതിനു വേണ്ടി അപേക്ഷിച്ചവർ | | | ആകെ |
|---|---|---|---|---|
| | നിശ്ചിത സമയത്തിനുള്ളിൽ പുതുക്കിയവർ | ചട്ടപ്രകാരമുള്ള സമയം പാലിക്കാതെ വൈകി പുതുക്കിയവർ | പുതുക്കാത്ത അപേക്ഷകർ | |
| 113 | 177 | 504 | --- | 681 |

പഞ്ചായത്ത് പരിധിയിലുള്ള എല്ലാ കച്ചവട സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് വേണ്ടി കേരളാ പഞ്ചായത്ത് രാജ് വകുപ്പ് 205 ബി അനുസരിച്ച് നികുതിക്ക് വിധേയരായവരുടെ ലിസ്റ്റ് കെട്ടിട/ഭൂമിയുടെ ഉടമസ്ഥനോട് ആവശ്യപ്പെടാവുന്നതും ആയത് ഉറപ്പ് വരുത്തേണ്ടതുമാണ്. എന്നാൽ 2017-18 ൽ ലൈസൻസ് പുതുക്കുന്നതിനു വേണ്ടി ലഭിച്ച അപേക്ഷകളിൽ 74%വും നിശ്ചിത സമയത്തിനു ശേഷമാണ് പുതുക്കിയിട്ടുള്ളത്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാരികളുടെ വിവരങ്ങൾ അടങ്ങിയ ട്രേഡേഴ്സ് രജിസ്റ്റർ അപൂർണ്ണമായതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധ്യമല്ല. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുക എന്ന രീതിയാണ് പഞ്ചായത്ത് അവലംബിച്ചിരിക്കുന്നത്. നിശ്ചിത സമയത്ത് ലൈസൻസ് പുതുക്കാത്തവരിൽ നിന്ന് ചട്ടപ്രകാരമുള്ള നടപടികളെടുത്തതായി ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ല. ഇത് മൂലം സാമ്പത്തിക വർഷം ആരംഭിക്കുന്നതിന്റെ ഒരു മാസം മുന്നേ ലഭിക്കേണ്ട അപേക്ഷകൾ ലഭിക്കാതിരിക്കുകയും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്യുന്നു. ഇതു തിരിച്ചറിയപ്പെടാതെ പോകുന്നതുമൂലം അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്ന സാഹചര്യം ഉടലെടുക്കുകയും നിയമപ്രകാരമല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുന്നതിനു കാരണമാകുകയും ചെയ്യുന്നു.

<u>അപേക്ഷകളിലെ അന്വേഷണവും തുടർ നടപടികളും</u>

സ്ഥാപനത്തെ പറ്റിയുള്ള പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്താത്ത അപേക്ഷകൾ സൂക്ഷ്മ പരിശോധന കൂടാതെ സ്വീകരിക്കരുത്. അപേക്ഷയിൽ അപേക്ഷ നല്കുന്ന തീയതി, ലൈസൻസ്

എന്താവശ്യത്തിനാണ് എന്നത്, തുടങ്ങുവാനുദ്ദേശിക്കുന്ന സ്ഥാപനത്തിന് പ്രത്യേക പേര് ഉണ്ടെങ്കിൽ അത്, ലൈസൻസ് പുതുക്കുവാനാണെങ്കിൽ മുൻവർഷത്തെ ലൈസൻസ് നമ്പരും പേരും, കൂടാതെ ഒരു ദിവസത്തെ വിറ്റുവരവും, യന്ത്രമുപയോഗിച്ചാണങ്കിൽ കുതിരശക്തിയുടെ അളവും രേഖപ്പെടുത്തി സമർപ്പിച്ച അപേക്ഷയാണ് സ്വീകരിക്കേണ്ടത്.

<u>അപേക്ഷകളിലെ അപാകതകൾ പരിശോധിക്കപ്പെടുന്നില്ല.</u>

പുതുക്കി നൽകുമ്പോൾ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തേണ്ടതും അന്വേഷണ റിപ്പോർട്ട് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. സ്ഥല പരിശോധന നടത്താതെ ലൈസൻസ് പുതുക്കി കൊടുക്കുമ്പോൾ വിറ്റുവരവ് വർദ്ധിച്ചിട്ടുണ്ടോ എന്നും അതു പോലെ അനധികൃതമായി ഒന്നും വിൽപന നടത്തുന്നില്ലാ എന്നും, അപേക്ഷയിൽ പറഞ്ഞ കാര്യങ്ങൾ ശരിയാണന്നും ഉറപ്പുവരുത്താൻ സാധിക്കുന്നു. നിലവിൽ ഇപ്രകാരമുള്ള നടപടികളിൽ വീഴ്ചയുണ്ടാകുന്നു. സ്ഥലപരിശോാധന നടത്തുന്നതിലൂടെ പഞ്ചായത്തിന്റെ ഇടപെടൽ ഈ രംഗത്ത് ഉണ്ടെന്ന് ഉറപ്പ് വരുത്താനും ലൈസൻസ് വിതരണം കാര്യക്ഷമമാക്കുന്നതിനും സാധിക്കുന്നു. ഫെബ്രുവരി മാസത്തിലെ അവസാന പ്രവർത്തന ദിവസം മുൻവർഷം ലൈസൻസ് എടുത്തവർ എല്ലാം പുതുക്കിയിട്ടുണ്ടെന്ന് സെക്ഷൻ ഉറപ്പു വരുത്തേണ്ടതാണ്. പുതുക്കാതെ പ്രവർത്തിക്കുന്നവരുടെ വിവരങ്ങൾ ട്രേഡ്സ് രജിസ്റ്റർ പരിശോധിച്ച് കണ്ടെത്തി നോട്ടീസ് നൽകേണ്ടതാണ്. ലൈസൻസ് പുതുക്കാത്തവരിൽ നിന്നും 1,000 രൂപ പിഴ ഈടാക്കേണ്ടതാണ് (ചട്ടം 26). ലൈസൻസ് വിതരണം കാര്യക്ഷമമാക്കുന്നതിനു വേണ്ടി അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>ചട്ടപ്രകാരമുള്ള സമയപരിധിയിൽ പുതുക്കൽ നടപടി സ്വീകരിക്കേണ്ടതാണ്.</u>

ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് സെക്ഷൻ ഉറപ്പ് വരുത്തേണ്ടതാണ്. ചട്ടലംഘനം നടത്തി ലൈസൻസ് വൈകി പുതുക്കാൻ വരുന്നവരിൽ നിന്നും 255ാം വകുപ്പ് പ്രകാരം നടപടി സ്വീകരിച്ച് കുറ്റമറ്റ രീതിയിൽ ലൈസൻസ് വിതരണം നടത്തേണ്ടതാണ്. വർഷത്തിലുടനീളം ലൈസൻസ് പുതുക്കി കൊടുക്കുക വഴി സെക്ഷന് ജോലി ഭാരം വർദ്ധിക്കുകയും സമയ നഷ്ടവും ഉണ്ടാവുകയും ചെയ്യുന്നു. ഇതിനു പകരം ചട്ടപ്രകാരമുള്ള സമയപരിധി പാലിച്ച് (ഫെബ്രുവരി മാസത്തിൽ) ലൈസൻസ് പുതുക്കുന്ന ഒരു സമ്പ്രദായം നിലവിൽ വരേണ്ടതാണ്.

<u>ട്രേഡ്സ് രജിസ്റ്റർ അപൂർണ്ണം</u>

1998 ലെ കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും)ചട്ടം3 പ്രകാരം ഗ്രാമ പഞ്ചായത്ത് അതിന്റെ പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച ട്രേഡ്സ് രജിസ്റ്റർ (വാർഡ് അടിസ്ഥാനത്തിൽ) തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. പഞ്ചായത്ത് ഇത്തരത്തിലുള്ള ട്രേഡ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും മുഴുവൻ കച്ചവടക്കാരുടേയും വിവരങ്ങൾ ഉൾക്കൊള്ളിക്കാത്തതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചില്ല.

<u>ചട്ടങ്ങളിലെ ഭേദഗതി പ്രകാരം ഫീസ് ഈടാക്കേണ്ടതാണ്</u>

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ. (പി). നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ. നം.674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം, കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 232, 233, 234 വകുപ്പുകളും 254 വകുപ്പ് കൂട്ടി വായിച്ചതും 2017 ലെ കേരള ഇൻവസ്റ്റ്മെന്റ് പ്രമോഷൻ ആന്റ് ഫെസിലിറ്റേഷൻ ഓർഡിനൻസിലെ സെക്ഷൻ 10 പ്രകാരവും 1996 ലെ ഡി&ഒ ചട്ടങ്ങൾക്ക് ഭേദഗതി പുറപ്പെടുവിച്ചിട്ടുള്ളതിനാൽ Kerala Panchayath Raj(Issue of License to factories,Traders,Enterpreneurship activities and other services)Rules,1996എന്ന് ചട്ടത്തെ പുനർനാമകരണം ചെയ്തിട്ടുണ്ട്. ആയതു പ്രകാരം നിലവിൽ ചട്ടം 10 ലെ പട്ടിക 2 ലെ വിവിധ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും വിറ്റു വരവിന്റെ അടിസ്ഥാനത്തിൽ ഈടാക്കി പോരുന്ന ഫീസിനു പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ,മിനി,സ്മാൾ,മീഡിയം,ലാർജ് എന്നിങ്ങനെ വിവിധ തട്ടുകളാക്കി തരം തിരിച്ച് ഫീസ് ഈടാക്കേണ്ടതാണ്. ഇത്തരത്തിൽ സെക്രട്ടറി തയ്യാറാക്കി നൽകിയ പുതിയ ഫീസ് നിരക്ക് പരിഗണിച്ച് ചർച്ച ചെയ്ത് ഭരണസമിതി അംഗീകാരം നൽകേണ്ടതാണ്. ഇത്തരത്തിൽ അംഗീകാരം ലഭിച്ച നിരക്കുകൾ അനുസരിച്ചായിരിക്കണം 2018-19 വർഷത്തെ ലൈസൻസ് അപേക്ഷകളിൽ സെക്രട്ടറി ഫീസ് ഈടാക്കേണ്ടത്.

## 2-3 തൊഴിൽ നികുതി പരിശോധന - അപാകതകൾ

1. താഴെക്കാട്ടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ നികുതി അടവാക്കിയതിൽ കുറവ് സംഭവിച്ചിട്ടുണ്ട്.

| ക്രമ നം. | ജീവനക്കാരന്റെ പേരും തസ്തികയും | സ്ഥാപനം | ആകെ അർദ്ധവർഷ വരുമാനം | അടവാക്കേണ്ട നികുതി | അടവാക്കിയ നികുതി | കുറവ് | രശീതി നം. |
|---|---|---|---|---|---|---|---|
| 1 | നിർമ്മല.വിവി,<br>ഫാർമസി അസിസ്റ്റന്റ് | കാസറഗോഡ് ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി ലിമിറ്റഡ്,കുമ്പള | 79,330/-<br>(ആദ്യ അർദ്ധ വർഷം) | 750 | 600 | 150 | 4130<br>തീയ്യതി.<br>29.08.17 |
| 2 | വർണശ്രീ കെ,<br>നഴ്സിങ് അസിസ്റ്റന്റ് | കാസറഗോഡ് ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി ലിമിറ്റഡ്,കുമ്പള | 79,330/-<br>(ആദ്യ അർദ്ധ വർഷം) | 750 | 600 | 150 | 4130<br>തീയ്യതി.<br>29.08.17 |
| 3 | സൗമ്യ കെ,<br>നഴ്സിങ് അസിസ്റ്റന്റ് | കാസറഗോഡ് ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി ലിമിറ്റഡ്,കുമ്പള | 79,330/-<br>(ആദ്യ അർദ്ധ വർഷം) | 750 | 600 | 150 | 4130<br>തീയ്യതി.<br>29.08.17 |
| 4 | ഗീത കെ,സ്വീപ്പർ | കാസറഗോഡ് ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് | 79,330/-<br>(ആദ്യ | 750 | 600 | 150 | 4130<br>തീയ്യതി. |

| | | | | | | | |
|---|---|---|---|---|---|---|---|
| | | ഹോസ്പിറ്റൽ സൊസൈറ്റി ലിമിറ്റഡ്,കുമ്പള | അർദ്ധ വർഷം) | | | | 29.08.17 |
| 5 | ട്രീസ ജോർജ്, നഴ്സിങ് അസിസ്റ്റന്റ് | കാസറഗോഡ് ഡിസ്ട്രിക്ക് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി ലിമിറ്റഡ്,കുമ്പള | 77,656/- (ആദ്യ അർദ്ധ വർഷം) | 750 | 600 | 150 | 4130 തീയ്യതി. 29.08.17 |
| 6 | രതീഷ് കുമാർ ബി, നഴ്സിങ് അസിസ്റ്റന്റ് | കാസറഗോഡ് ഡിസ്ട്രിക്ക് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി ലിമിറ്റഡ്,കുമ്പള | 75,982/- (ആദ്യ അർദ്ധ വർഷം) | 750 | 600 | 150 | 4130 തീയ്യതി. 29.08.17 |
| 7 | രേഖ വി, നഴ്സിങ് അസിസ്റ്റന്റ് | കാസറഗോഡ് ഡിസ്ട്രിക്ക് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി ലിമിറ്റഡ്,കുമ്പള | 75,982/- (ആദ്യ അർദ്ധ വർഷം) | 750 | 600 | 150 | 4130 തീയ്യതി. 29.08.17 |
| 8 | സൗമ്യ ബി, നഴ്സിങ് അസിസ്റ്റന്റ് | കാസറഗോഡ് ഡിസ്ട്രിക്ക് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി ലിമിറ്റഡ്,കുമ്പള | 75,982/- (ആദ്യ അർദ്ധ വർഷം) | 750 | 300 | 450 | 4130 തീയ്യതി. 29.08.17 |
| 9 | കമല,സ്വീപ്പർ | കാസറഗോഡ് ഡിസ്ട്രിക്ക് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി ലിമിറ്റഡ്,കുമ്പള | 75,982/- (ആദ്യ അർദ്ധ വർഷം) | 750 | 600 | 150 | 4130 തീയ്യതി. 29.08.17 |
| 10 | വിജയലക്ഷ്മി,സ്വീപ്പർ | കാസറഗോഡ് ഡിസ്ട്രിക്ക് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി ലിമിറ്റഡ്,കുമ്പള | 75,982/- (ആദ്യ അർദ്ധ വർഷം) | 750 | 600 | 150 | 4130 തീയ്യതി. 29.08.17 |
| 11 | പുഷ്പാവതി,സ്വീപ്പർ | കാസറഗോഡ് ഡിസ്ട്രിക്ക് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി ലിമിറ്റഡ്,കുമ്പള | 75,982/- (ആദ്യ അർദ്ധ വർഷം) | 750 | 600 | 150 | 4130 തീയ്യതി. 29.08.17 |

| | | | | | | | |
|---|---|---|---|---|---|---|---|
| 12 | സുഗന്ധി,സ്വീപ്പർ | കാസറഗോഡ് ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി ലിമിറ്റഡ്,കുമ്പള | 75,982/- (ആദ്യ അർദ്ധ വർഷം) | 750 | 600 | 150 | 4130 തീയ്യതി. 29.08.17 |
| 13 | ജ്യോതികൃഷ്ണ കെ, എച്ച്. എസ്. എ.(N.S.) | ജി എച്ച് എസ്, കൊടിയമ്മ | 1,99,728/- (ആദ്യ അർദ്ധ വർഷം) | 1250 | 1000 | 250 | 4738 തീയ്യതി. 28.09.17 |
| 14 | അജിത് കുമാർ പി വി, യു.പി. എസ്. എ. | ജി എച്ച് എസ്, കൊടിയമ്മ | 1,14,912/- (ആദ്യ അർദ്ധ വർഷം) | 1000 | 750 | 250 | 4738 തീയ്യതി. 28.09.17 |
| 15 | വിശ്വനാഥ് നായിക്ക്, സീനി.ബ്രാഞ്ച് മാനേജർ | വിജയ ബാങ്ക് | 3,04,408/- (ആദ്യ അർദ്ധ വർഷം) | 1250 | 800 | 450 | 400006 തീയ്യതി. 31.10.17 |
| 16 | വിബീഷ്മേനോൻ,ക്ലർക്ക് | വിജയ ബാങ്ക് | 1,15,944/- (ആദ്യ അർദ്ധ വർഷം) | 1000 | 200 | 800 | 400006 തീയ്യതി. 31.10.17 |
| 17 | സുനിൽ,ബ്രാഞ്ച് ഹെഡ് | മണപ്പുറം ഫിനാൻസ് ലിമിറ്റഡ് | 37,000/- (ആദ്യ അർദ്ധ വർഷം) | 300 | 250 | 50 | 5497 തീയ്യതി. 31.10.17 |
| 18 | ശ്രീദേവി, അസി. ബ്രാഞ്ച് ഹെഡ് | മണപ്പുറം ഫിനാൻസ് ലിമിറ്റഡ് | 36,000/- (ആദ്യ അർദ്ധ വർഷം) | 300 | 250 | 50 | 5497 തീയ്യതി. 31.10.17 |
| 19 | മേഖന, ജൂനിയർ അസിസ്റ്റന്റ് | മണപ്പുറം ഫിനാൻസ് ലിമിറ്റഡ് | 30,000/- (ആദ്യ അർദ്ധ | 300 | 200 | 100 | 5497 തീയ്യതി. |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | വർഷം) | | | | 31.10.17 |
| 20 | ശ്രീജയ,ഹൗസ് കീപ്പിങ്ങ്അസിസ്റ്റന്റ് | മണപ്പുറം ഫിനാൻസ് ലിമിറ്റഡ് | 30,000/- (ആദ്യ അർദ്ധ വർഷം) | 300 | 200 | 100 | 5497 തീയ്യതി. 31.10.17 |
| | | | ആകെ | | | 4,150 | |

കുറവ് വന്ന നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2. സിൻഡിക്കേറ്റ് ബാങ്ക്, കുമ്പള യിലെ ക്ലർക്കായി ജോലി ചെയ്യുന്ന ദീപക് എന്ന ജീവനക്കാരനെ വിമുക്ത ഭടൻ എന്നുള്ള കാരണം കാണിച്ച് തൊഴിൽ നികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. വിമുക്ത ഭടൻമാർക്ക് തൊഴിൽ നികുതി അടവാക്കുന്നതിൽ ഇളവ് നൽകിയിട്ടുള്ള ചട്ടങ്ങളോ സർക്കാർ ഉത്തരവുകളോ നിലവിലുണ്ടെങ്കിൽ ആയത് പരിശോധനയ്ക്കായി ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ഹാജരാക്കിയിട്ടില്ല. മേൽ ജീവനക്കാരിൽ നിന്നും പിഴസഹിതം നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

3. താഴെക്കൊടുത്തിരിക്കുന്ന ധനകാര്യസ്ഥാപനങ്ങൾ ജീവനക്കാരുടെ നികുതി അടവാക്കിയിട്ടുണ്ടെങ്കിലും സ്ഥാപന നികുതി അടവാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി കാലയളവ് |
|---|---|---|
| 1 | എസ്. ബി. ഐ, കുമ്പള | ആദ്യ അർദ്ധവർഷം& രണ്ടാം അർദ്ധവർഷം |
| 2 | കാസറഗോഡ് കോ-ഓപ്പറേറ്റീവ് ടൗൺ ബാങ്ക് ലിമിറ്റഡ് | ആദ്യ അർദ്ധവർഷം& രണ്ടാം അർദ്ധവർഷം |
| 3 | അജാനൂർ അർബൻ സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | രണ്ടാം അർദ്ധവർഷം |

4. സ്ഥാപന രജിസ്റ്ററിൽ ഉൾക്കൊള്ളിച്ചിട്ടുള്ള താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ നികുതി അടവാക്കിയ വിവരം പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി കാലയളവ് |
|---|---|---|
| 1 | ജി. യു. പി. എസ്, കൊടിയാമ്മ | ആദ്യ അർദ്ധവർഷം |
| 2 | ജി. എസ്. ബി. എസ്, കുമ്പള | രണ്ടാം അർദ്ധവർഷം |
| 3 | ജി.വി.എച്ച്.എസ്.എസ്,മൊഗ്രാൽ(യു. പി. സെക്ഷൻ) | രണ്ടാം അർദ്ധവർഷം |
| 4 | കെ. എം. എ. യു. പി. സ്കൂൾ, അരിക്കാടി | ആദ്യ അർദ്ധവർഷം |
| 5 | സി. എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ സ്കൂൾ | ആദ്യ അർദ്ധവർഷം |
| 6 | ലിറ്റിൽ ലില്ലി ഇംഗ്ലീഷ് മീഡിയം സ്കൂൾ,നായ്ക്കാപ്പ് | ആദ്യ അർദ്ധവർഷം& രണ്ടാം അർദ്ധവർഷം |
| 7 | അഗ്രിക്കൾച്ചറിസ്റ്റ് ഡവലപ്പമെന്റ് ബാങ്ക് | ആദ്യ അർദ്ധവർഷം& രണ്ടാം അർദ്ധവർഷം |
| 8 | കേരള സ്റ്റേറ്റ് ബിവറേജ് കോർപ്പറേഷൻ | ആദ്യ അർദ്ധവർഷം& രണ്ടാം അർദ്ധവർഷം |
| 9 | ബി. എം. എ. ഹെൽത്ത് കെയർ | ആദ്യ അർദ്ധവർഷം |

| | | |
|---|---|---|
| 10 | രചന കൺസ്ട്രക്ഷൻസ് | ആദ്യ അർദ്ധവർഷം |
| 11 | ടമാലിയ ടിമ്പർ വർക്സ് | രണ്ടാം അർദ്ധവർഷം |
| 12 | ദീപക് ഓട്ടോമൊബൈൽസ് | രണ്ടാം അർദ്ധവർഷം |
| 13 | വനിതാ സൊസൈറ്റി | ആദ്യ അർദ്ധവർഷം& രണ്ടാം അർദ്ധവർഷം |
| 14 | കഫേ കോഫീ ഡേ, പെർവാഡ | രണ്ടാം അർദ്ധവർഷം |

5. തൊഴിൽ നികുതി വൈകി അടവാക്കുന്നവരിൽ നിന്നും പിഴപ്പലിശ ഈടാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭാവിയിൽ ഈ അപാകത പരിഹരിക്കേണ്ടതാണ്.

6. ശാരീരിക വൈകല്യം ഉള്ളവർക്ക് തൊഴിൽ നികുതി ഇളവ് നൽകുന്നുണ്ടെങ്കിലും ആയത് സാധൂകരിക്കുന്ന സർട്ടിഫിക്കറ്റുകൾ തൊഴിൽനികുതി പത്രികകളുടെ കൂടെ ചേർത്തുവയ്ക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭാവിയിൽ ഇത്തരത്തിലുള്ള ഇളവുകൾ നൽകുമ്പോൾ മതിയായ രേഖകൾ ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 07/ 24.11.2018)

## 2-4 പഞ്ചായത്ത് പരിധിയിൽ ട്യൂട്ടോറിയൽ രജിസ്ട്രേഷൻ ചെയ്യുന്നില്ല-

1999 ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ യാതൊരു ട്യൂട്ടോറിയൽ സ്ഥാപനവും സ്ഥാപിക്കാൻ പാടുള്ളതല്ല. രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ സ്ഥാപനം ആരംഭിക്കുന്നതിന് 15 ദിവസത്തിൽ കുറയാത്ത കാലയളവിനു മുമ്പായി സ്ഥാപനം നടത്തുന്ന ആൾ 200 രൂപ രജിസ്ട്രേഷൻ ഫീസ് സഹിതം സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിലെ തൊഴിൽ നികുതി സ്ഥാപന രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ള ട്യൂട്ടോറിയൽ സ്ഥാപനങ്ങളൊന്നും തന്നെ ഇത്തരത്തിൽ രജിസ്ട്രേഷൻ ചെയ്യാനുള്ള അപേക്ഷ സമർപ്പിച്ചതായി കാണുന്നില്ല. ട്യൂഷൻ സെന്ററുകൾ ഉൾപ്പെടെ ഏതൊക്കെ സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് അന്വേഷണം നടത്തി മുഴുവൻ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾക്കും രജിസ്ട്രേഷൻ നൽകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കൊപ്പളം അങ്കണവാടി നവീകരണം-ഇന്റർലോക്ക് പേവിംഗ് പ്രവൃത്തിക്ക് അധികം നൽകിയ തുക നിരാകരിക്കുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

| | |
|---|---|
| പ്രൊജക്റ്റ് നം. | എസ്.ഒ. 42/18 (കൊപ്പളം അങ്കണവാടി കെട്ടിടം നവീകരണം) |
| അടങ്കൽ | 3,00,000/- (മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| എസ്റ്റിമേറ്റ് | 3,00,000/- |

<table>
<tr><td>സാങ്കേതികാനുമതി</td><td colspan="2">3,00,000/- No.69140/2016-2017 തീയതി: 01.01.2017, അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ, LSGD സബ് ഡിവിഷൻ, കാസറഗോഡ് ബ്ലോക്ക്.</td></tr>
<tr><td>എം. ബുക്ക് നം.</td><td colspan="2">12/16-17</td></tr>
<tr><td>ആകെ അളവ് മൂല്യം</td><td colspan="2">₹2,79,744 /-</td></tr>
<tr><td>കൺവീനർ</td><td colspan="2">ഭവാനി.കെ.പി, കൊപ്പളം.</td></tr>
<tr><td>എഗ്രിമെന്റ് നമ്പർ</td><td colspan="2">56/16-17/AE/LSGD/KMBL തീയതി: 25.02.2017</td></tr>
<tr><td rowspan="2">കൺവീനർക്ക് നൽകിയ തുകയുടെ വിവരം</td><td>തുക</td><td>വൗച്ചർ നം /തീയതി</td></tr>
<tr><td>₹ 2,38,062/-</td><td>നം 11/6-17തീ. 30.06.2017.<br>(ട്രഷറി ബിൽ നം 13/30.06.2017, ബിൽ തുക 2,58,763)</td></tr>
</table>

കൊപ്പളം അങ്കണവാടി നവീകരണ പ്രവൃത്തിക്കായി 2014 ലെ ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് (DSR 2014) പ്രകാരം PRICE സോഫ്റ്റ്വെയർ ഉപയോഗിച്ച് തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ആകെ 12 ഇനങ്ങളാണുള്ളത്. ഗുണഭോകതൃസമിതി മുഖേന നടപ്പാക്കിയ ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ 12ാമത്തെ ഇനം "Providing and laying 60mm thick factory made cement concrete interlocking paver block M-30 grade by block make machine with strong vibratory compaction of approved size and design and shape laid in required colour pattern over and including 50mm thick compacted bed stone aggregate (single size) 6mm nominal size etc. all complete as per the direction engineer-in-charge (OD 191304/2016-2017)" എന്നതാണ്. എസ്റ്റിമേറ്റിൽ 21 $m^2$ അളവ് പ്രവൃത്തി ചെയ്യുന്നതിന് ഈ ഇനത്തിന് 7443.31/$m^2$ നിരക്കിൽ 1,56,310/- രൂപ വകയിരുത്തിയിട്ടുണ്ട്.

ഈ പ്രവൃത്തിയുടെ അളവ് പുസ്തകം പ്രകാരം 12ാമത്തെ ഇനം പ്രവൃത്തിയായി (Providing and laying 60mm thick factory made cement concrete interlocking paver block M-30 ....) 21.36 $m^2$ അളവ് പ്രവൃത്തി ചെയ്തിട്ടുണ്ട് (പേജ് 16 എം. ബുക്ക്). ആയത് എസ്റ്റിമേറ്റ് പ്രകാരമുള്ള അളവായ 21ച.മിക്ക് പരിമിതപ്പെടുത്തി 7443.31/$m^2$ എന്ന നിരക്കിൽ 1,56,310/- രൂപ അളവ് മൂല്യം (പേജ് 25, എം.ബുക്ക്) കണക്കാക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ അന്തിമ ബിൽ അനുസരിച്ച് കൺവീനർക്ക് ചുവടെ പറയും പ്രകാരമാണ് തുക അനുവദിച്ചിരിക്കുന്നത്.

<table>
<tr><td>Total value of work done</td><td>₹ 2,79,744/-</td></tr>
<tr><td>Deduct OH @7.5%</td><td>₹ 20,981/-</td></tr>
<tr><td>Passed amount (Gross Amount)</td><td>₹ 2,58,763/-</td></tr>
<tr><td>Deduct taxes</td><td>₹ 20,701/-</td></tr>
<tr><td>Net payable</td><td>₹ 2,38,062</td></tr>
<tr><td colspan="2">(ട്രഷറി ബിൽ നം. 13/30.06.2017, ബിൽ തുക 2,58,763)</td></tr>
</table>

ഈ പ്രവൃത്തിയിൽ മേൽ പറഞ്ഞ ഇനം പ്രവൃത്തിയുടെ നിരക്ക് കണക്കാക്കിയിരിക്കുന്നത് PRICE

സോഫ്റ്റ്വെയർ മുഖേനയാണ്. താഴെ പറയും പ്രകാരമുള്ള "observed data" അനുസരിച്ചുള്ള നിരക്കാണ് ഈ പ്രവൃത്തിയിൽ ഇന്റർലോക്ക് പേവിംഗിന് കണക്കാക്കിയത് (ഓഡിറ്റ് റിക്വസിഷൻ നമ്പർ 2 തീയതി 23.11.2018പ്രകാരം ആവശ്യപ്പെട്ടതനുസരിച്ച് ലഭ്യമാക്കിയത്).

OD191304/2016-2017

Providing and laying 60mm thick factory made cement concrete interlocking paver block M-30 grade by block make machine with strong vibratory compaction of approved size and design and shape laid in required colour pattern over and including 50mm thick compacted bed stone aggregate (single size) 6mm nominal size etc. all complete as per the direction engineer-in-charge.

| Code | Description | Unit | Quantity | Rate ₹ | Amount ₹ |
|---|---|---|---|---|---|
| 8689 | Interlocking C.C. Paver block (60mm thick, M-30) | sqm | 10.00 | 350.00 | 3500.00 |
| 0298 | Stone aggregate (single size) 6mm nominal size | cum | 0.50 | 1140.00 | 570.00 |
| 2202 | Stone aggregate below 40mm nominal size | cum | 0.50 | 106.49 | 53.25 |
| 0123 | Mason(brick layer) 1st class | day | 0.50 | 435.00 | 217.50 |
| 0124 | Mason(brick layer) 2nd class | day | 0.50 | 399.00 | 199.50 |
| 0114 | Belder | day | 1.00 | 329.00 | 329.00 |
| 0115 | Coolie | day | 0.50 | 329.00 | 164.50 |
| TOTAL | | | | | 5033.75 |
| cost for one sqm | | | | | 5033.75 |
| say | | | | | 5033.75 |
| Add Water Charges @ 1% | | | | | 50.33 |
| Add CPOH@ 7.5% | | | | | 381.30 |
| Cost index 36.19 | | | | | 1977.92 |
| Total with Cost index | | | | | 7443.31 |
| say | | | | | 7,443.31 |

DAR (ANALYSIS OF RATES FOR DELHI) പ്രകാരം ഇന്റർലോക്ക് പേവിംഗ് പ്രവൃത്തിയുടെ നിരക്ക് 10 ച.മീ അളവിൽ കണക്കാക്കിയാണ് ഒരു ച.മീന്റെ നിരക്ക് നിശ്ചയിക്കേണ്ടത്. DAR ലെ കോഡ് 16.68, 16.91 എന്നിവ ഇന്റർലോക്ക് പേവിംഗ് പ്രവൃത്തിയുമായി ബന്ധപെട്ടവയാണ്. ഈ ഇനങ്ങളിലെല്ലാം നിരക്ക് 10 ച.മീ അളവിൽ കണക്കാക്കിയാണ് ഒരു ച.മീന്റെ നിരക്ക് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ കൊപ്പളം അങ്കണവാടി നവീകരണ പ്രവൃത്തിയിലെ 12-ാമത്തെ

ഇനമായി ചെയ്ത ഇന്റർലോക്ക് പേവിംഗ് പ്രവൃത്തിയുടെ ഡാറ്റയിൽ നിരക്ക് (₹ 7443.31) കണക്കാക്കിയത് 10 sqm-ന് പകരം നേരിട്ട് 1 sqm-ന് ആണ്. യഥാർത്ഥത്തിൽ പ്രവൃത്തിയുടെ അനുവദനീയമായ നിരക്ക് 744.32 രൂപയാണ്.

തൻ വർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ ബന്നംകുളം അങ്കണവാടി നവീകരണം (പ്രൊജക്ട് നം- എസ്. ഒ. 8/18) എന്ന പ്രവൃത്തിയൽ 18-ാത്തെ ഇനമായി ചെയ്ത 'Providing and laying 60mm thick factory made cement concrete interlocking paver block M-30 grade by block make machine with strong vibratory compaction of approved size and design and shape laid in required colour pattern over and including 50mm thick compacted bed stone aggregate (single size) 6mm nominal size etc. all complete as per the direction engineer-in-charge' എന്നയിനത്തിന് 744.32/sqm എന്ന നിരക്കാണ് അനുവദിച്ചിരിക്കുന്നത് .

ആയതിനാൽ പ്രവൃത്തിയുടെ അനുവദനീയമായ ഡാറ്റ താഴെ പറയും പ്രകാരമാണ് വേണ്ടത്.

OD191304/2016-2017

Providing and laying 60mm thick factory made cement concrete interlocking paver block M-30 grade by block make machine with strong vibratory compaction of approved size and design and shape laid in required colour pattern over and including 50mm thick compacted bed stone aggregate (single size) 6mm nominal size etc. all complete as per the direction engineer-in-charge.

| Code | Description | Unit | Quantity | Rate ₹ | Amount ₹ |
|---|---|---|---|---|---|
| | Details of cost for 10sqm | | | | |
| 8689 | Interlocking C.C. Paver block (60mm thick, M-30) | sqm | 10.00 | 350.00 | 3,500.00 |
| 0298 | Stone aggregate (single size) 6mm nominal size | cum | 0.50 | 1140.00 | 570.00 |
| 2202 | Stone aggregate below 40mm nominal size | cum | 0.50 | 106.49 | 53.25 |
| 0123 | Mason(brick layer) 1st class | day | 0.50 | 435.00 | 217.50 |
| 0124 | Mason(brick layer) 2nd class | day | 0.50 | 399.00 | 199.50 |
| 0114 | Belder | day | 1.00 | 329.00 | 329.00 |
| 0115 | Coolie | day | 0.50 | 329.00 | 164.50 |
| TOTAL | | | | | 5,033.75 |

| | |
|---|---|
| cost for 10.0 sqm | 5,033.75 |
| cost for one sqm | 503.37 |
| say | 503.37 |
| Add Water Charges @ 1% | 5.03 |
| Add OH@ 7.5% | 38.13 |
| Cost index 36.19 | 197.79 |
| Total with Cost index | 744.32 |
| say | 744.32 |

മേൽപറഞ്ഞ നിരക്ക് പ്രകാരം കൊപ്പളം അങ്കണവാടി നവീകരണ പ്രവൃത്തിയുടെ 12ാമത്തെ ഇനമായി ചെയ്ത 21 $m^2$ അളവ് Providing and laying 60mm thick factory made cement concrete interlocking paver block M-30 ....എന്ന പ്രവൃത്തിയുടെ യഥാർത്ഥ അളവ് മൂല്യം 15,631/-രൂപയാണ് (21 $m^2$ x 744.32/$m^2$ = ₹15,631/-). ആയത് പ്രകാരം പ്രവൃത്തിയുടെ ആകെ അളവ് മൂല്യം 1,39,065/- രൂപ മാത്രമാണ് (₹ 2,79,744 - ₹ 1,56,310 + ₹ 15,631). ഇതിൻ പ്രകാരം കൺവീനർക്ക് അനുവദിക്കേണ്ട തുക ചുവടെ പറയും പ്രകാരമാണ്.

| | |
|---|---|
| Total value of work done (Gross Amount) | ₹ 1,39,065/- |
| Deduct taxes already recovered | ₹ 20,701/- |
| Net payable | ₹ 1,18,364/- |

പ്രവൃത്തിക്കായി ട്രഷറിയിൽ നിന്നും അധികമായി പിൻവലിച്ച 1,19,698/- രൂപയുടെ (₹ 2,58,763 - ₹ 1,39,065) നഷ്ടം പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽനിന്നും പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽനിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

(പ്രവൃത്തിക്കായി ₹ 1,19,698/- അധികം ചെലവഴിച്ചതിന് വിശദീകരണം നല്കുവാൻ നിർവ്വഹണോദ്യോഗസ്ഥനോട് ഓഡിറ്റ് എൻക്വയറി നം.10 തീ: 27.11.2018 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## **3-2** പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും സ്റ്റാന്റിങ് കമ്മിറ്റികളുടെ നിരന്തര ഇടപെടൽ ആവശ്യമാണ്.

2017-2018 സാമ്പത്തിക വർഷം പഞ്ചായത്ത് ഭരണസമിതി 33 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 19 പ്രാവശ്യവും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 17 പ്രാവശ്യവും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 18 പ്രാവശ്യവും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 11പ്രാവശ്യവും യോഗം ചേരുന്നിട്ടുണ്ട്. വികസന പ്രവർത്തനങ്ങളിൽ സ്റ്റാന്റിംഗ് കമ്മിറ്റികൾ ക്രിയാത്മകമായി ഇടപെടുന്നുണ്ടെങ്കിലും ചുവടെ പറയുന്ന കാര്യങ്ങൾ വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെ ശ്രദ്ധയിൽപെടുത്തുന്നു.

I).പ്രൊജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കാത്തത് മൂലം പഞ്ചായത്തിന് 1.1 കോടി രൂപ വിനിയോഗിക്കാൻ സാധിച്ചില്ല.

വികസന പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിനായി 2017-18 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന് സംസ്ഥാന സർക്കാരിൽനിന്നും വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ലോക ബാങ്ക് ധന സഹായം, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിൽ ആകെ 5.92 കോടി രൂപ (₹ 5,92,36,987/-) അനുവദിച്ചിട്ടുണ്ട്. ഇതിൽ 4.82 കോടി രൂപ (₹ 4,82,26,511/-) മാത്രമാണ് ഗ്രാമ പഞ്ചായത്ത് തൻവർഷം വിനിയോഗിച്ചത്. സമയബന്ധിതമായി പ്രൊജക്ടുകൾ നടപ്പാക്കാത്തതിനാൽ 1.1 കോടി രൂപ (₹ 1,10,10,476/-) വിനിയോഗിക്കാൻ സാധിച്ചില്ല. അതായത് വികസന പ്രവർത്തനങ്ങൾക്ക് ഗ്രാമ പഞ്ചായത്തിന് തൻവർഷം അനുവദിച്ച തുകയുടെ 18.59% തുകയും ചെലവ് ചെയ്യാത്തതിനാൽ ലാപ്സാവുകയാണുണ്ടായത് (ഫണ്ട് വിനിയോഗത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു).

| ഫണ്ടിനം | അനുവദിച്ച തുക | വിനിയോഗിച്ച തുക | ലാപ്സായ തുക | വിനിയോഗ ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2,37,32,840 | 1,69,21,339 | 68,11,501 | 71.3% |
| വികസനഫണ്ട് എസ്.സി.പി | 54,00,967 | 54,00,967 | 0 | 100% |
| വികസഫണ്ട് ടി.എസ്.പി | 4,79,805 | 1,30,900 | 3,48,905 | 27.28% |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1,41,47,071 | 1,41,47,071 | 0 | 100% |
| സംരക്ഷണഗ്രാന്റ് -റോഡ് | 91,48,000 | 62,00,872 | 29,47,128 | 67.78% |
| സംരക്ഷണ ഗ്രാന്റ്-നോൺറോഡ് | 63,28,304 | 54,25,362 | 9,02,942 | 85.73% |
| ആകെ | 5,92,36,987 | 4,82,26,511 | 1,10,10,476 | 81.41% |

2017-18 സാമ്പത്തിക വർഷം ആകെ 316 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചെങ്കിലും 175 പദ്ധതികൾ മാത്രമാണ് തൻവർഷം നടപ്പിലാക്കിയത്. അതായത് അംഗീകാരം ലഭിച്ച പദ്ധതികളുടെ 55.4% മാത്രമാണ് നടപ്പിലാക്കിയത്. തൻവർഷം 242 പൊതുമരാമത്ത് പ്രവൃത്തികളാണ് അംഗീകരിച്ച പദ്ധതി പ്രകാരം നടപ്പാക്കേണ്ടിയിരുന്നത് എന്നാൽ 130 മരാമത്ത് പ്രവൃത്തികൾ മാത്രമേ നടപ്പാക്കാൻ സാധിച്ചുള്ളൂ. തൻവർഷം വകയിരുത്തിയ തുകയുടെ 47.93% മാത്രമാണ് അസിസ്റ്റന്റ് എഞ്ചിനീയർ ചെലവഴിച്ചത്. നിർവ്വഹണോദ്യോഗസ്ഥന്മാരായ സെക്രട്ടറി തൻവർഷം വകയിരുത്തിയ തുകയുടെ 45.93% മാത്രമാണ് ചെലവഴിച്ചത്, തൻവർഷം നിർവ്വഹണത്തിനുണ്ടായിരുന്ന 27 പ്രൊജക്ടുകളിൽ 9 പ്രൊജക്ടുകൾ മാത്രമാണ് സെക്രട്ടറി

നടപ്പാക്കിയത്. അതുപോലെ അസിസ്റ്റന്റ് സെക്രട്ടറി തൻവർഷം വകയിരുത്തിയ തുകയുടെ 66.16% മാത്രമാണ് ചെലവഴിച്ചത്, കൃഷി ഓഫീസർ തൻവർഷം വകയിരുത്തിയ തുകയുടെ 45.83% മാത്രമാണ് ചെലവഴിച്ചത് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തൻവർഷം വകയിരുത്തിയ തുകയുടെ 58.22% മാത്രമാണ് ചെലവഴിച്ചത്, വെറ്റനറി സർജ്ജൻ വകയിരുത്തിയ തുകയുടെ 52.78% മാത്രമാണ് ചെലവഴിച്ചത്. മേൽ പറഞ്ഞ നിർവ്വഹണോദ്യോഗസ്ഥൻമാരുടെ കുറഞ്ഞ ചെലവ് ശതമാനം ഭരണ സമിതിയുടെയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ശ്രദ്ധയിൽപെടുത്തുന്നു.

ഗ്രാമ പഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റ് വികസന ആവശ്യങ്ങൾക്കും വേണ്ടി ഉപയോഗപ്പെടുത്താമായിരുന്ന തുകയാണ് പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമത ഇല്ലായ്മയും വേഗതക്കുറവും കാരണം നഷ്ടപ്പെടാനിടയായത്. ഗ്രാമ സഭകളിൽ നിന്ന് ഉയർന്ന് വരുന്ന ഓരോ പദ്ധതികളും ഫലപ്രദമായി നടപ്പാക്കുന്നത് പഞ്ചായത്തിന്റെ ഉത്തരവാദിത്തമാണ്. പദ്ധതി നിർവ്വഹണത്തിലെ കാര്യക്ഷമത ഇല്ലായ്മ ജനങ്ങളെ ഗ്രാമ സഭകളിൽ നിന്നും, ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാവുന്നതിൽ നിന്നും പിന്നോട്ട് നിൽക്കുന്നതിന് കാരണമാകുന്നതാണ്. ജനങ്ങളുടെ സഹകരണത്തോടെ ഗ്രാമ സഭകളും വർക്കിങ് ഗ്രൂപ്പുകളുമൊക്കെ ഫലപ്രദമായി ഉപയോഗപ്പെടുത്തി ലഭ്യമായ ഫണ്ടുകൾ മുഴുവൻ വികസന പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സർക്കാർ ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കുമനുസരിച്ച് പ്രൊജക്ടുകൾ സമയബന്ധിതമായി രൂപീകരിച്ച് വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും, നിർവ്വഹണോദ്യോഗസ്ഥന്മാരും, ജീവനക്കാരും ഒത്തൊരുമിച്ച് പ്രവൃത്തിച്ച് പദ്ധതി പണം മുഴുവൻ ചെലവഴിക്കാൻ ഊർജ്ജിത ശ്രമം നടത്തേണ്ടതാണ്.

<u>II)സ്റ്റാന്റിങ്ങ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടില്ല.</u>

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 214ാം വകുപ്പ് പ്രകാരം വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ ജനുവരി മാസം 15ന് മുൻപ് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിക്ക് ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടതാണ്. എന്നാൽ 2017-18 വർഷം ഗ്രാമ പഞ്ചായത്തിലെ വികസനം, ക്ഷേമകാര്യം, ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ ഈ വ്യവസ്ഥ പാലിച്ചിട്ടില്ല. വരും വർഷങ്ങളിൽ ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട ചട്ടങ്ങളും നിയമങ്ങളും പാലിക്കേണ്ടതാണ്.

<u>III)റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല.</u>

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ

തയ്യാറാക്കാൻ വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

IV)വർക്കിംഗ് ഗ്രൂപ്പുകൾ സജീവമല്ല.

2017-18 വർഷത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് മിക്ക വർക്കിങ്ങ് ഗ്രൂപ്പ് യോഗങ്ങളും പദ്ധതി പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ട്. 29.03.2018ലെ സർക്കാർ ഉത്തരവ് നമ്പർ 72/2017/ത.സ്വ.ഭ.വ. പ്രകാരം പദ്ധതികളുടെ മോണിറ്ററിംഗ് വർക്കിംഗ് ഗ്രൂപ്പുകളാണ് നിർവഹിക്കേണ്ടത്. എന്നാൽ വർക്കിങ്ങ് ഗ്രൂപ്പുകൾ പദ്ധതികളുടെ മോണിറ്ററിങ്ങ് നടത്തുന്നില്ല. വരും വർഷങ്ങളിൽ നടപ്പാക്കുന്ന പദ്ധതികളുടെ കൃത്യമായ വിലയിരുത്തലിനും മോണിറ്ററിംഗും നടത്തേണ്ടതാണ്.

## 3-3 മരാമത്ത് പ്രവൃത്തികളുടെ ആധിക്യം നിർവ്വഹണത്തെയും നടപടിക്രമങ്ങളെയും ബാധിക്കുന്നു.

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിലെ നിർവ്വഹണദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയർക്ക് 7,45,78,875/- രൂപ ആകെ പദ്ധതി അടങ്കലുള്ള 242 പ്രൊജക്ടുകളാണ് നിർവഹിക്കാനുണ്ടായിരുന്നത്. ഇതിൽ 130 പദ്ധതികളാണ് തൻവർഷം അസിസ്റ്റൻറ് എഞ്ചിനയർ നിർവ്വഹണം നടത്തിയത്. 130 പൊതുമരാമത്ത് പ്രവൃത്തികൾക്കായി 3,57,46,605 രൂപ നിർവ്വഹണോദ്യോഗസ്ഥൻ ചെലവഴിച്ചത്. അതായത് ആകെ അടങ്കലിൻറെ 47.93% തുക ചെലവഴിച്ചു. പൊതുമരാമത്ത് മേഖലയിൽ 2017-18 വർഷം നിർവഹിക്കാനുണ്ടായിരുന്ന 242 പദ്ധതികളിൽ 92 എണ്ണം സ്പിൽഓവർ പ്രൊജക്ടുകളായിരുന്നു, ഇതിൽ 80 എണ്ണം തൻവർഷം നിർവ്വഹണം നടത്തി. ആകെ നിർവഹണത്തിനുണ്ടായിരുന്ന 150 പുതിയ പ്രൊജക്ടുകളിൽ 50 എണ്ണവും തൻവർഷം നിർവ്വഹണം നടത്തിയിട്ടുണ്ട്.

ഓഡിറ്റ് വർഷം (ക്യാഷ് ബുക്കിലെ വിവരം പ്രകാരം) അസിസ്റ്റൻറ് എഞ്ചിനിയർ പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| മാസം | പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം |
|---|---|
| 4/2017 | 0 |
| 5/2017 | 0 |
| 6/2017 | 20 |
| 7/2017 | 26 |
| 8/2017 | 8 |
| 9/2017 | 0 |
| 10/2017 | 2 |

| | |
|---|---|
| 11/2017 | 0 |
| 12/2017 | 2 |
| 1/2018 | 12 |
| 2/2018 | 11 |
| 3/2018 | 49 |
| ആകെ | 130 |

2017-18 ത്തിൽ ഗ്രാമപഞ്ചായത്തിന്റെ ആകെ പദ്ധതി ചെലവിൻറെ 53.25% തുകയും ചെലവഴിച്ചത് അസിസ്റ്റന്റ് എഞ്ചിനിയറാണ്. ഗ്രാമപഞ്ചായത്തിലെ അസിസ്റ്റൻറ് എഞ്ചിനിയറുടെ കാര്യാലയത്തിലെ 2017-18 വർഷത്തെ ജീവനക്കാരുടെ വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം | റിമാർക്സ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനിയർ | 1 | അസിസ്റ്റന്റ് എഞ്ചിനിയർക്ക് ഈ സാമ്പത്തിക വർഷം വിവിധ കാലയളവിൽ മീഞ്ച, മൊഗ്രാൽപുത്തൂർ, കാറഡുക്ക എന്നീ ഗ്രാമപഞ്ചായത്തുകളുടെയും അധിക ചുമതല കൂടി ഉണ്ടായിരുന്നു. |
| 2 | ഓവർസിയർ ഗ്രേഡ്-2 | 1 | ഈ തസ്തിക 2017-18 വർഷം ഒഴിഞ്ഞുകിടന്നിരുന്നു. |
| 3 | ഓവർസിയർ ഗ്രേഡ്-3 | 1 | |
| 4 | ക്ലാർക്ക് | 1 | |

പരിമിതമായ ജീവനക്കാരെവെച്ചാണ് തൻവർഷം പൊതുമരാമത്ത് മേഖലയിൽ പദ്ധതികൾ നടപ്പിലാക്കിയത്. പദ്ധതികളുടെ ബാഹുല്യവും ജീവനക്കാരുടെ കുറവും പദ്ധതി നിർവ്വഹണത്തിൽ പല അപാകതകൾക്കും കാരണമായിട്ടുണ്ട്. നടപടിക്രമങ്ങളിലെ ചില വീഴ്ചകൾ ചുവടെ ചേർക്കുന്നു.

1.പദ്ധതികളുടെ ബാഹുല്യം കാരണം മതിയായ സ്ഥല പരിശോധന കൂടാതെയാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത്. ഉദാഹരണത്തിന് (ജോട്ടുഗോളി കുണ്ടാപ്പ് റോഡ് റീടാറിംഗ് - പ്രൊജക്ട് 70/18). ഈ പ്രവൃത്തിയുടെ ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരം 203 മീറ്റർ നീളത്തിലും 3.2 മീറ്റർ വീതിയിലുമാണ് റീടാറിംഗ് പ്രവൃത്തി ചെയ്യേണ്ടിയിരുന്നത് . എന്നാൽ പിന്നീട് പ്രവൃത്തി ആരംഭിച്ചപ്പോൾ മാത്രമാണ് 112 മീറ്റർ നീളത്തിലും 3മീ വീതിയിലും മാത്രമാണ് റീടാറിംഗ് ആവശ്യമുള്ളൂ എന്ന് മനസ്സിലാക്കിയത്.

2. ടാറിന്റെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2016-17 സാമ്പത്തിക വർഷാവസാനം ഗ്രാമപഞ്ചായത്ത് റോഡ് ടാറിംഗ്, റീടാറിഗ് പ്രവൃത്തികൾക്കായി ടാറും, എമൽക്ഷനും വാങ്ങി കരാറുകാർക്ക് നല്കിയിരുന്നു. എന്നാൽ ടാറിൻറെ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. (ഓഡിറ്റ് റിക്വസിഷൻ നം. 1/21.11.2018 പ്രകാരം സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കാൻ ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല). പദ്ധതികളുടെ

ബാഹുല്യം കാരണം ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥന് ഇക്കാര്യങ്ങൾ ശ്രദ്ധിക്കുവാൻ കഴിഞ്ഞിട്ടില്ല.

3.വർക്ക് ഫയലിൽ അനുബന്ധ രേഖകൾ ഇല്ല

പദ്ധതികളുടെ ബാഹുല്യം കാരണം പല ആവശ്യരേഖകളും വർക്ക് ഫയലിൽ സൂക്ഷിച്ചിട്ടില്ല. മിക്ക ഫയലുകളിലും കരാറുമായി നിർവഹണോദ്യോഗസ്ഥൻ ഏർപ്പെട്ട കരാറുടമ്പടി അപൂർണ്ണമാണ്. ചില പ്രവൃത്തികളുടെ ഫയലിൽ എസ്റ്റിമേറ്റ് സൂക്ഷിച്ചിട്ടില്ല.(ഉദാഹരണത്തിന് ബീരാണ്ടിക്കര ആരിക്കാടി പള്ളം റോഡ് ഇംപ്രൂവ്മെന്റ്-പ്രൊജക്ട് നം.71/18, അഗ്രികൾച്ചറൽ ഓഫീസ് ഇംപ്രൂവ്മെന്റ്-പ്രൊജക്ട് നം.181/18, കുണ്ടേങ്കാരട്ക്ക ശ്മശാനം ഇംപ്രൂവ്മെന്റ്-പ്രൊജക്ട് നം. 302/18). പൊതുമരാമത്ത് പ്രവൃത്തികളുടെ വർക്ക് ഫയലിൽ എസ്റ്റിമേറ്റിനൊപ്പം സൂക്ഷിക്കേണ്ട ഡാറ്റ ഒരു ഫയലിലും ഇല്ല. കരാറുകാർ സ്വന്തം ചെലവിൽ ടാർ വാങ്ങി ചെയ്ത റോഡ് ടാറിംഗ് പ്രവൃത്തികളുടെ ഫയലിൽ കരാറുകാരൻ വാങ്ങിയ ടാറിന്റെയും എമൽഷന്റെയും ബില്ലുകൾ ഉൾപ്പെടുത്തിയിട്ടില്ല (ഉദാഹരണത്തിന് ഉജാർ മധ്വ റോഡ് നവീകരണം-പ്രൊജക്ട് നം.189/18)

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് )ചട്ടങ്ങളിലെ ചട്ടം 13(6) പ്രകാരം ഗുണഭോക്തൃകമ്മിറ്റികൾ നടപ്പാക്കിയ പ്രവൃത്തികൾ പൂർത്തികരിച്ചയുടനെ ഗുണഭോക്തൃകമ്മിറ്റിയുടെ വരവ്-ചെലവ് കണക്കുകൾ പഞ്ചായത്തിന് നൽകേണ്ടതാണ്. എന്നാൽ ഗുണഭോക്തൃകമ്മിറ്റികൾ ഏറ്റെടുത്തു നടപ്പാക്കിയ പല പ്രവൃത്തികളുടെയും വരവ്-ചെലവ് കണക്കുകളും സബ് വൗച്ചറുകളും വർക്ക് ഫയലിൽ സൂക്ഷിച്ചിട്ടില്ല. (ഉദാഹരണത്തിന് കിദൂർ ജി.എൽ.പി.സ്കൂളിന് കുടിവെള്ള സൗകര്യം-പ്രൊജക്ട് നം.96/18, എഫ്. ഡബ്ല്യു,സി.ബംബ്രാണ കുടിവെള്ള സൗകര്യം-പ്രൊജക്ട് നം.9/18, ബായിക്കട്ട അങ്കണവാടി കെട്ടിട നവീകരണം-പ്രൊജക്ട് നം.12/18, ഉജാർ എസ്.സി. കോളനി അങ്കണവാടി കെട്ടിട നിർമ്മാണം-പ്രൊജക്ട് നം.10/18, ഉജാർ എസ്.സി. കോളനി കമ്മ്യൂണിറ്റി ഹാൾ നവീകരണം-പ്രൊജക്ട് നം.11/18, മളി ടി.വി. സെന്റർ കെട്ടിട നവീകരണം-പ്രൊജക്ട് നം.53/18).

4. പദ്ധതികളിൽ ഭൂരിഭാഗം പൂർത്തീകരിച്ചത് ഫെബ്രുവരി, മാർച്ച് മാസത്തിലാണ്. ആകെ 130 മരാമത്ത് പ്രവൃത്തികളാണ് 2017-18 വർഷം ചെയ്തത്. ഇതിൽ പകുതിയോളം പ്രവൃത്തികളുടെ ചെലവും ഫെബ്രുവരി, മാർച്ച് മാസത്തിലാണ് നടത്തയിട്ടുള്ളത്. പദ്ധതി നിർവഹണം അവസാന മാസങ്ങളിലേക്ക് നീട്ടി കൊണ്ടു പോയത് പ്രവൃത്തികളുടെ അളവ് രേഖപ്പെടുത്തൽ ചെക്ക് മെഷർമെൻറ് ചെയ്യൽ എന്നിവയെ സാരമായി ബാധിക്കും. ഗ്രാമപഞ്ചായത്തിലെ എഞ്ചിനിയർക്ക് ഇക്കാലയളവിൽ മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൂടി അധിക ചുമതലയുണ്ടായിരുന്നു. പദ്ധതികളുടെ ബാഹുല്യവും സാമ്പത്തിക വർഷാവസാനം പ്രവൃത്തികൾ തിരക്കിട്ട് നടപ്പാക്കിയതും പ്രവൃത്തികളുടെ കൃത്യമായ വിലയിരുത്തൽ നടത്താതെ അളവ് രേഖപ്പെടുത്തൽ, ചെക്ക് മെഷർമെൻറ് ചെയ്യൽ എന്നിവ നടത്തുന്നതിന് ഇടയാക്കും. സാമ്പത്തിക വർഷവസാനം പദ്ധതികൾ തിരക്കിട്ട് നടപ്പാക്കുന്നത് പ്രവൃത്തികളുടെ ഗുണ നിലവാരത്തെയും ബാധിക്കും.

5. പദ്ധതികളുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല.

2017-18 വർഷം നടപ്പാക്കിയ പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല.

29.03.2018 ലെ സർക്കാർ ഉത്തരവ് നമ്പർ 72/2017/ത.സ്വ.ഭ.വ. പ്രകാരം പദ്ധതികളുടെ മോണിറ്ററിംഗ് വർക്കിംഗ് ഗ്രൂപ്പുകളാണ് നിർവഹിക്കേണ്ടത്. പൊതുമരാമത്ത് മേഖലയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പാണ് മരാമത്ത് പ്രവൃത്തികളുടെ മോണിറ്ററിംഗ് നടത്തേണ്ടത്. പദ്ധതികളുടെ ബാഹുല്യവും സാമ്പത്തിക വർഷാവസാനം പ്രവൃത്തികൾ തിരക്കിട്ട് നടപ്പാക്കിയതും പ്രവൃത്തികളുടെ കൃത്യമായ വിലയിരുത്തലിനും മോണിറ്ററിംഗിനും തടസ്സമായി.

6.ആസ്തികൾ കൃത്യമായി അക്കൌണ്ട് ചെയ്യപ്പെടുന്നില്ല.

2017-2018 വർഷം പുതുതായ് സൃഷ്ടിച്ച ആസ്തികളൊന്നും തന്നെ സചിത്ര സോഫ്റ്റവെയറിൽ തയ്യാറാക്കുന്ന ആസ്തിരജിസ്റ്ററിൽ ചേർത്തിട്ടില്ല. പദ്ധതികളുടെ ബാഹുല്യവും സാമ്പത്തിക വർഷാവസാനം പ്രവൃത്തികൾ കൂട്ടത്തോടെ പൂർത്തീകരിച്ചതും ആസ്തികൾ കൃത്യമായി അക്കൗണ്ട് ചെയ്യുന്നതിന് തടസ്സമായി. മരാമത്ത് പ്രവൃത്തികളുടെ പദ്ധതികളിൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട ജോലികളും പൂർത്തിയായ പ്രവൃത്തികളുടെ ബില്ലുകൾ തയ്യാറാക്കുന്ന ജോലികളും മാത്രമേ അസിസ്റ്റൻറ് എഞ്ചിനിയറുടെ കാര്യാലയ ത്തിലുണ്ടായിരുന്ന ക്ലാർക്കിന് ചെയ്തുതീർക്കുവാൻ സാധിച്ചിട്ടുള്ളൂ. 2017-2018 വർഷം പുതുതായ് സൃഷ്ടിച്ച ആസ്തികളെല്ലാം ആസ്തി രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

7. ഓഡിറ്റ് വർഷം നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൻ 35 റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളുണ്ട്. ഇവയിൽ ഭൂരിഭാഗവും 100 മീറ്ററിൽ കുറഞ്ഞ നീളത്തിലാണ് കോൺക്രീറ്റിംഗ് നടത്തിയിട്ടുള്ളത്. തീരെ ചെറിയ നീളത്തിലുള്ള ഒരു പ്രവൃത്തിക്കുവേണ്ട നടപടിക്രമങ്ങൾ മറ്റ് പ്രവൃത്തികൾക്ക് തുല്യമാണ്. ഇപ്രകാരം ചെറിയ നീളത്തിൽ റോഡ് പ്രവൃത്തി ചെയ്യുന്നതുകൊണ്ട് പൊതുജനങ്ങൾക്ക് കാര്യമായ പ്രയോജനം ലഭിക്കുന്നില്ല. വളരെ ചെറിയ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കാൻ കരാറുകാർക്കും പ്രയാസമാണ്. ആയതിനാൽ ഇങ്ങനെയുള്ള പ്രവൃത്തികൾക്ക് മത്സരാധിഷഠാനത്തിലുള്ള ടെണ്ടർ ഉണ്ടാകുന്നില്ല. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കി പദ്ധതികളുടെ ആവശ്യകത നിർണ്ണയിച്ച് മുൻഗണനാ ക്രമത്തിൽ പദ്ധതികൾ തയ്യാറാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന് ലഭ്യമായ ഫണ്ടുകൾ വാർഡ് അടിസാഥനത്തിൽ വിഭജിച്ച് പദ്ധതികൾ തയ്യാറാക്കുന്നതാണ് പദ്ധതികളുടെ ബാഹുല്യത്തിൻറെ പ്രധാന കാരണം. പദ്ധതികൾ തയ്യാറാക്കുന്നത് യഥാർത്ഥ ആവശ്യം പരിഗണിച്ചല്ല, മറിച്ച് ഫണ്ട് ലഭ്യതയടിസ്ഥാമാക്കിയാണ്. വാർഡ് അടിസ്ഥാനത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്ന പ്രവണ ഒഴിവാക്കി ഗ്രാമപഞ്ചായത്തിനെ മൊത്തത്തിൽ ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്. പൊതുമരാമത്ത് പ്രവൃത്തികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും സുപ്രധാന പങ്ക് വഹിക്കാൻ കഴിയുന്ന വികസന സ്റ്റാൻറിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഇക്കാര്യത്തിലാവശ്യണാണ്.

## 3-4 തീരദേശ ലൈബ്രറി സജ്ജീകരണം - പദ്ധതി പ്രകാരം വാങ്ങിയ ഫർണിച്ചർ , കമ്പ്യൂട്ടർ, പുസ്തകങ്ങൾ എന്നിവ ലൈബ്രറിയ്ക്ക് കൈമാറിയിട്ടില്ല.

2017-18 വർഷം നിർവ്വഹണ ഉദ്യോഗസ്ഥൻ ഹെഡ്മാസ്റ്റർ നടപ്പിലാക്കിയ പ്രൊ.നം.167/17-18

പ്രകാരം കുമ്പള ഗ്രാമ പഞ്ചായത്തിൽ ഫിഷറീസ് വകുപ്പ് (തീരദേശ വികസന അതോറിറ്റി) നിർമ്മിച്ച തീരദേശ ലൈബ്രറിയിലേയ്ക്ക് ഫർണിച്ചർ, കമ്പ്യൂട്ടർ, പുസ്തകങ്ങൾ എന്നിവ വാങ്ങുന്നതിനായി തീരദേശ വികസന അതോറിറ്റി 2016 ജൂണിൽ ഗ്രാമ പഞ്ചായത്തിന് അനുവദിച്ച അഞ്ച് ലക്ഷം രൂപയിൽ നിന്നും 4,84,500 രൂപ ചുവടെ ചേർത്ത പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

| ഇനം | എണ്ണം | ചെലവ് | സപ്ലൈ ചെയ്ത സ്ഥാപനം |
|---|---|---|---|
| കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും | ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ -3<br>പ്രൊജക്ടർ- 1<br>പ്രിന്റർ-1 | 2,01,000/-<br>(ചെക്ക്.നം.038821 തി.28.03.2018) | വൺസീറോ ഇൻഫോ സിസ്റ്റംസ് കാസറഗോഡ് |
| പുസ്തകങ്ങൾ | വിവിധ ഭാഷകളിലുള്ള പുസ്തകങ്ങൾ- | 1,45,000/-<br>(ചെക്ക്.നം.038825 തി.28.03.2018) | പൂർണ്ണ പബ്ലിക്കേഷൻസ് കോഴിക്കോട് |
| ഫർണിച്ചർ | വുഡൻ മേശ - 4<br>ഫൈബർ കസേര-100<br>ബുക്ക് ഷൽഫ്- 5 | 1,38,500/-<br>(ചെക്ക്.നം.038826 തി.28.03.2018) | റോയൽ ഫർണിച്ചർ കുമ്പള |
| | ആകെ | 4,84,500/- | |

പദ്ധതി പ്രകാരം വങ്ങിയ ഫർണിച്ചർ, കമ്പ്യൂട്ടർ, പുസ്തകങ്ങൾ എന്നിവ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്റ്റോക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും നാളിതുവരെ ലൈബ്രറി അധികൃതർക്ക് കൈമാറിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം-6-തിയതി 24.11.2018) നല്കിയ മറുപടിയിൽ ലൈബ്രറി നടത്തിപ്പിനായി കമ്മിറ്റി രൂപീകരിച്ചത് അടുത്ത കാലത്താണെന്നും, ഗ്രന്ഥശാല സംഘത്തിൽ നിന്നും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ലൈബ്രറി കമ്മിറ്റിയ്ക്ക് ഇവ കൈമാറുന്നതാണെന്നും അറിയിക്കുകയുണ്ടായി .

പദ്ധതി നടത്തിപ്പിനായി തുക അനുവദിച്ചുകൊണ്ട് തീരദേശ വികസന അതോറിറ്റി നൽകിയ ഉത്തരവ് പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ പദ്ധതി നടപ്പിലാക്കുന്നതിന് പ്രത്യേക മാർഗ്ഗ നിർദ്ദേശം ഉണ്ടായിരുന്നോയെന്നത് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. പദ്ധതി ആവിഷ്കരിക്കുമ്പോൾ തന്നെ ലൈബ്രറി കമ്മിറ്റി രൂപീകരണം, ഗ്രന്ഥ ശാല സംഘത്തിന്റെ അംഗീകാരം ലഭ്യമാക്കൽ, തുടങ്ങിയ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന കാര്യം പരിശോധിച്ച് ഉറപ്പുവരുത്തുവാൻ നിർവ്വഹണ ഉദ്യോഗസ്ഥന് സാധിച്ചിട്ടില്ല. പദ്ധതിപ്രകാരം വാങ്ങിയ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഉപയോഗിക്കാതെയിരുന്നാൽ നശിച്ചുപോകുവാൻ സാധ്യതയുണ്ട്. ആയതിനാൽ ലൈബ്രറിയുടെ അംഗീകാരം സംബന്ധിച്ച നടപടിക്രമങ്ങൾ എത്രയും വേഗം പൂർത്തിയാക്കി , പദ്ധതിയ്ക്കായി ഫണ്ട് അനുവദിച്ച ഏജൻസിയുടെ മാർഗ്ഗനിർദ്ദേശപ്രകാരം ഭരണസമിതി അംഗീകാരത്തോടുകൂടി മേൽ പ്രകാരം വാങ്ങിയ ഉപകരണങ്ങളും, ഫർണിച്ചറുകളും, പുസ്തകങ്ങളും ലൈബ്രറിയ്ക്ക് കൈമാറേണ്ടതാണ്.

കൂടാതെ പദ്ധതിപ്രകാരം വാങ്ങിയ കമ്പ്യൂട്ടറുകൾ ഈ മേഖലയിൽ യോഗ്യതയുള്ളവർ തന്നെ കൈകാര്യം ചെയ്യുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും ലൈബ്രറി പ്രവർത്തനത്തിനു മാത്രമായി നിലവിൽ വാങ്ങിയ കമ്പ്യൂട്ടറുകളുടെ ആവശ്യകതയുണ്ടോയെന്നത് സംബന്ധിച്ചും, ലൈബ്രറി നടത്തിപ്പ് ചെലവ് സംബന്ധിച്ചുമുള്ള കാര്യങ്ങളിൽ തീരദേശ വികസന അതേറിറ്റിയുമായി ബന്ധപ്പെട്ട് വ്യക്തത വരുത്തേണ്ടതുമാണ്.

ലൈബ്രറി നടത്തിപ്പ് ഗ്രാമ പഞ്ചായത്തിന് കൈമാറിയത് സംബന്ധിച്ച് തീരദേശ വികസന അതോറിറ്റിയിൽ നിന്നുമുള്ള ഉത്തരവ്, വാങ്ങിയ ഉപകരണങ്ങൾ പുസ്തകങ്ങൾ എന്നിവ ലൈബ്രറിയ്ക്ക് കൈമാറിയതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ പദ്ധതിയ്ക്കായി നടത്തിയ 4,84,500 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 മൃഗസംരക്ഷണ മേഖലയിൽ നടപ്പാക്കിയ പദ്ധതികൾ -ചെലവ് രേഖകൾ അപൂർണ്ണം

നിർവ്വഹണ ഉദ്യോഗസ്ഥ വെറ്റിനറി സർജ്ജൻ 2017-18 വർഷം നടപ്പാക്കിയ കറവ പശു വിതരണം, പെണ്ണാട് വിതരണം എന്നീ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ ഭാഗീകമായി മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(എ) കറവ പശു വിതരണം (പ്രൊ.നം.105/17-18)

പദ്ധതി പ്രകാരം പതിനൊന്ന് ഗുണഭോക്താക്കൾക്കായി സബ്സിഡി ഇനത്തിൽ 2,75,000 രൂപ അനുവദിച്ചിട്ടുണ്ട്. (ട്രഷറി ബിൽ.നം.1/07-03-2018,₹ 2,50,000/-& ട്രഷറി ബിൽ.നം.1/07-03-2018 ,₹ 25,000/-) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1) ഗുണഭോക്താക്കൾ വാങ്ങിയ ഉരുക്കളുടെ ആരോഗ്യ പരിശോധന സർട്ടിഫിക്കറ്റ് (നിർവ്വഹണ ഉദ്യോഗസ്ഥ തയ്യാറാക്കിയത്)

2) ഉരുക്കളുടെ മൂല്യ നിർണ്ണയ സാക്ഷ്യപത്രം (നിർവ്വഹണ ഉദ്യോഗസ്ഥ തയ്യാറാക്കിയത്)

3) ഉരുക്കളെ മൂന്ന് വർഷത്തേയ്ക്ക് കൈമാറ്റം ചെയ്യുകയില്ലയെന്നത് സംബന്ധിച്ച് ഗുണഭോക്താക്കളുമായി ഒപ്പുവെച്ച കരാറുടമ്പടി പത്രിക

4) ഉരുക്കളെ ഗുണഭോക്താക്കൾക്ക് വിറ്റ വ്യക്തികളുടെ ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്ക്, തിരിച്ചറിയൽ രേഖകൾ എന്നിവയുടെ പകർപ്പുകൾ

5) ഗുണഭോക്താക്കൾ ഉരുക്കളെ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ

6) പർച്ചേസിങ്ങ് കമ്മിറ്റി സാക്ഷ്യപത്രങ്ങൾ

7) ലളിത കുമാരി, ലക്ഷ്മി, വസന്ത ഷെട്ടി എന്നീ ഗുണഭോക്താക്കളുടെ അപേക്ഷകളും അനുബന്ധരേഖകളും

9) ഗുണഭോക്താക്കളുടെ വരുമാന സർട്ടിഫിക്കറ്റ്,

(ബി) പെണ്ണാട് വിതരണം (പ്രൊ.നം.108/17-18)

പദ്ധതി പ്രകാരം ആറ് ഗുണഭോക്താക്കൾക്കായി സബ്സിഡി ഇനത്തിൽ 60,000 രൂപ അനുവദിച്ചിട്ടുണ്ട്.(ട്രഷറി ബിൽ.നം.2/07-03-2018, ₹30,000/-, ട്രഷറി ബിൽ.നം.6/21-03-2018, ₹20,000/-& ട്രഷറി ബിൽ.നം.12/26-03-2018 ,₹10,000/-) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1) ഗുണഭോക്താക്കൾ വാങ്ങിയ ആടുകളുടെ ആരോഗ്യ പരിശോധന സർട്ടിഫിക്കറ്റ് (നിർവ്വഹണ ഉദ്യോഗസ്ഥ തയ്യാറാക്കിയത്).

2) ആടുകളുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രം (നിർവ്വഹണ ഉദ്യോഗസ്ഥ തയ്യാറാക്കിയത്).

3) ആടുകളെ മൂന്ന് വർഷത്തേയ്ക്ക് കൈമാറ്റം ചെയ്യുകയില്ലയെന്നത് സംബന്ധിച്ച് ഗുണഭോക്താക്കളുമായി ഒപ്പുവെച്ച കരാറുടമ്പടി പത്രിക

4) ആടുകളെ ഗുണഭോക്താക്കൾക്ക് വിറ്റ വ്യക്തികളുടെ ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്ക്, തിരിച്ചറിയൽ രേഖകൾ എന്നിവയുടെ പകർപ്പുകൾ

5) ഗുണഭോക്താക്കൾ ആടുകളെ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ

6) പർച്ചേസിങ്ങ് കമ്മിറ്റി സാക്ഷ്യപത്രങ്ങൾ

7) മുഹമ്മദ് ഇഖ്ബാൽ, വിജയകുമാരി, മുഹമ്മദ് അമോത്തി, എം.ഹാരീസ്, കീർത്തിരാജ് ഷെട്ടി, ഹമീദ്.എം.എ, എന്നീ ഗുണഭോക്താക്കളുടെ അപേക്ഷകളും അനുബന്ധരേഖകളും

മേൽ ക്രമ നമ്പർ എ, ബി- എന്നിവ പ്രകാരമുള്ള രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 4- തിയതി 23.11.2018) നല്കിയ മറുപടിയിൽ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥ അവധിയിൽ ആയതിനാൽ പിന്നീട് മറുപടി നല്കുന്നതാണെന്ന് സൂചിപ്പിക്കുകയുണ്ടായി. പ്രൊ.നം.105/17-18, പ്രൊ.നം.108/17-18 എന്നിവയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട പരാമർശിത രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ പദ്ധതിയ്ക്കായി നടത്തിയ 3,35,000 ( 2,75,000+60,000) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 വെറ്റിനറി ഡിസ്പെൻസറിയിലേയ്ക്ക് വാങ്ങിയ മരുന്നുകൾ- ഭൂരിഭാഗം മരുന്നുകളും ഉപയോഗിച്ചിട്ടില്ല

പ്രൊ.നം.103/17-18 പ്രകാരം വികസനഫണ്ട് 1,90,075 രൂപ വിനിയോഗിച്ച് ന്യൂ ലാൽ എന്റർപ്രൈസസ് പയ്യന്നൂർ എന്ന സ്ഥാപനത്തിൽ നിന്നും വെറ്റിനറി ഡിസ്പെൻസറിയിലേയ്ക്ക് വിവിധ മരുന്നുകൾ വാങ്ങിയിട്ടുണ്ട്. ഇവ പ്രത്യേക സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇതിൽ ഭൂരിഭാഗം മരുന്നുകളും നാളിതുവരെ ഉപയോഗപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് നല്കിയ മറുപടിയിൽ ഇപ്പോൾ മരുന്നുകൾ ഉപയോഗിച്ച് വരുന്നതായി സൂചിപ്പിക്കുകയുണ്ടായി. കൂടാതെ 2018 ജൂണിന് ശേഷം വെറ്റിനറി സർജ്ജൻ അവധിയിൽ ആയതിനാലാണ് പേറ്റന്റ് ഡ്രഗ്സുകൾ ഉപയോഗിക്കുവാൻ സാധിക്കാതിരുന്നതെന്ന് ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയ ഉദ്യോഗസ്ഥൻ സൂചിപ്പിക്കുകയുണ്ടായി. ലഭ്യമായ മരുന്നുകൾ യഥാസമയം ഉപയോഗപ്പെടുത്തുവാൻ സാധിച്ചില്ലെങ്കിൽ കാലാവധി കഴിഞ്ഞ് നശിപ്പിച്ച് കളയേണ്ട

സാഹചര്യം ഉണ്ടാവാൻ ഇടയുണ്ട്. വെറ്റിനറി സർജ്ജന്റെ ഒഴിവ് നികത്തുവാനും, വലിയതോതിൽ മരുന്ന് സ്റ്റോക്കിലുള്ള കാര്യവും ബന്ധപ്പെട്ട വകുപ്പിന്റെ ജില്ലാ അധികാരികളെ അറിയിക്കുവാൻ ഭരണസമിതി തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. അതുപോലെ ഇത്തരം പദ്ധതികൾക്കായി മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് വിഹിതം ഉപയോഗിക്കാവുന്നതാണെന്ന സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 യുനാനി ഡിസ്പൻസറിയിലേക്ക് വാങ്ങിയ സെമി ഓട്ടോമാറ്റിക്ക് ലാബ് മെഷീനും ലാബോറട്ടറി ഉപകരണങ്ങളും ഉപയോഗശൂന്യമായ അവസ്ഥയിൽ:

2016-17 വർഷത്തെ പദ്ധതി പ്രകാരം ( S/0. 54/2017) യുനാനി ഡിസ്പൻസറിയിലേക്ക് 2,88,091/- രൂപയുടെ സെമി ഓട്ടോമാറ്റിക്ക് ലാബ് മെഷീനും ലാബോറട്ടറി ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. 2016-17 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 01.04.2017 തീയ്യതിയിൽ ഓഡിറ്റ് ടീം നടത്തിയ ഭൗതിക പരിശോധനയിൽ പ്രസ്തുത ഉപകരണങ്ങൾ ഉപയോഗിക്കാതെ ആശുപത്രിയിൽ കെട്ടി വച്ച അവസ്ഥയിലാണെന്ന് റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്ന് 2017-18 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 26.11.2018 തീയ്യതിയിൽ നടത്തിയ ഭൗതിക പരിശോധനയിലും മേൽ ഉപകരണങ്ങൾ യാതൊരു മാറ്റവും വരുത്താതെ മുറിയിൽ കെട്ടി വച്ചതായി ബോധ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ മെഡിക്കൽ ഓഫീസറോട് വിശദീകരണം ആവശ്യപ്പെട്ടപ്പോൾ ലാബ് ടെക്നീഷ്യൻ ഇല്ലാത്തതിനാലാണ് ഉപകരണങ്ങൾ ഉപയോഗിക്കാതെ വയ്ക്കുന്ന സാഹചര്യം ഉണ്ടായത് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ദിവസ വേതനാടിസ്ഥാനത്തിൽ ലാബ് ടെക്നീഷ്യനെ നിയമിക്കാൻ ആവശ്യപ്പെട്ടു കൊണ്ട് 24.04.2018, 25.09.2018 എന്നീ തീയ്യതികളിൽ പഞ്ചായത്ത് അധികൃതർക്ക് യുനാനി മെഡിക്കൽ ഓഫീസർ അയച്ച കത്തും ഓഡിറ്റിന് ഹാജരാക്കുകയുണ്ടായി. 23.05.2017 ലെ സ.ഉ.(സാധാ)നം.1683/2017/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി/തനത് ഫണ്ട്/വികസന ഫണ്ട് എന്നിവ ഉപയോഗിച്ച് കരാറടിസ്ഥാനത്തിൽ ലാബ് ടെക്നീഷ്യനെ നിയമിക്കാവുന്നതാണെന്ന് ഉത്തരവ് നിലവിലുണ്ട്. കേരളത്തിലെ ഒരേയൊരു സർക്കാർ യുനാനി ഡിസ്പൻസറിയാണിത്. ദിവസേന എൺപതോളം രോഗികൾ വരുന്ന ഈ സ്ഥാപനത്തിൽ ലാബ് ടെക്നീഷ്യനെ നിയമിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡിസ്പൻസറിയിൽ 23.04.2012 തീയ്യതിയിൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും ചട്ടപ്രകാരം യോഗങ്ങൾ ചേരാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നാളിതു വരെയായി ഇവിടെ ആശുപത്രി വികസന ഫണ്ടും രൂപീകരിച്ചിട്ടില്ല.

നിലവിൽ യുനാനി ഡിസ്പൻസറിയുടെ പദ്ധതികൾ സെക്രട്ടറി തന്നെയാണ് നിർവ്വഹണം നടത്തുന്നത്. മെഡിക്കൽ ഓഫീസറെ നിർവ്വഹണ ഓഫീസറാക്കാൻ വേണ്ടുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 യുനാനി ഡിസ്പൻസറിയിലേക്ക് ഫർണിച്ചർ വാങ്ങൽ- ഫർണിച്ചറുകൾ മുഴുവനും ലഭ്യമാക്കിയിട്ടില്ല.

പ്രോജക്റ്റ് നം. 102/2017-18 മൊഗ്രാൽ യുനാനി ഡിസ്പൻസറിയിലേക്ക്

ഫർണിച്ചർ വാങ്ങൽ- വകയിരുത്തൽ- CFC 1,00,000/-

നിർവ്വഹണോദ്യോഗസ്ഥൻ -സെക്രട്ടറി

പഞ്ചായത്തിന്റെ ചെലവ് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ മേൽ പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ചെലവുകൾ ഒന്നും നടന്നിട്ടില്ല എന്ന് കാണുകയുണ്ടായി. എന്നാൽ യുനാനി മെഡിക്കൽ ഓഫീസർ ഓഡിറ്റിന് ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്ററുകൾ പരിശോധിച്ചതിൽ FIDCO Enterprises,കോഴിക്കോട് എന്ന സ്ഥാപനം 33,567 രൂപ വില വരുന്ന താഴെക്കൊടുത്തിരിക്കുന്ന ഫർണിച്ചറുകൾ 2018 മാർച്ച് മാസത്തിൽ ഡിസ്പൻസറിയിലേക്ക് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്.

ഫൈബർ ചെയർ (Armed)- 20എണ്ണം

എക്സിക്യൂട്ടീവ് ഓഫീസ് ചെയർ (Revolving)- 01

എയർപോർട്ട് ചെയർ - 2 സെറ്റ്

മേൽ ഫർണിച്ചറുകളുടെ നിജസ്ഥിതി ഡിസ്പൻസറി സന്ദർശിച്ച് ഉറപ്പ് വരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ 83,198/- രൂപ വില വരുന്ന FIDCO Enterprises ന്റെ ഫർണിച്ചർ ബിൽ കാണാൻ സാധിക്കുകയുണ്ടായി (ഇൻവോയിസ് നം.528/22.03.2018). FIDCO Enterprises മായി പഞ്ചായത്ത് അധികൃതർ കരാർ ചമച്ചിട്ടുമുണ്ട്. മുഴുവൻ ഫർണിച്ചറുകളും വിതരണം ചെയ്യാത്തതിനാൽ ഈയിനത്തിൽ തുകയൊന്നും FIDCO Enterprises ന് കൈമാറിയിട്ടില്ല. സാമ്പത്തിക വർഷം കഴിഞ്ഞിട്ട് നാളിതു വരെയായിട്ടും അവശേഷിക്കുന്ന ഫർണിച്ചറുകൾ ലഭ്യമാക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. ഫർണിച്ചറുകൾ എത്രയും വേഗം ലഭ്യമാക്കി പദ്ധതി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-9 മരുന്നുകൾ മുഴുവൻ ലഭ്യമാക്കിയിട്ടില്ല-

പ്രോജക്റ്റ് നം- 138/2018 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന രോഗികൾക്ക് മരുന്ന് വാങ്ങൽ

വകയിരുത്തൽ - വികസന ഫണ്ട് (പൊതുവിഭാഗം സാധാ) 2,00,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, പി എച്ച് സി അരിക്കാടി

ബിൽ ന. 15/2017-18 തീയ്യതി.13.03.2018

പി.എച്ച്.സി യിലേക്ക് മരുന്ന് ലഭ്യമാക്കുന്നതിനായുള്ള മേൽ പ്രോജക്റ്റ് പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം 09.01.2018 ന നൽകിയ പ്രോഫോർമ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ 2,00,000/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതു വരെയായി 59,487/- രൂപയുടെ മരുന്നുകൾ മാത്രമേ KMSCL ലഭ്യമാക്കിയിട്ടുള്ളൂ. വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ഇൻവോയിസ് നം.& തീയ്യതി | ലഭ്യമാക്കിയ മരുന്നിന്റെ മൂല്യം (രൂപ) |
|---|---|
| 7393/09.01.2018 | 35,252/- |
| 8926/19.03.2018 | 6,141/- |
| 8923/19.03.2018 | 7,784/- |
| 2659/05.06.2018 | 4,950/- |
| 2658/05.06.2018 | 5,360/- |
| ആകെ | 59,487/- |

അവശേഷിക്കുന്ന 1,40,513/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 എസ്.എസ്.എ.വിഹിതം നൽകിയത് വിനിയോഗ വിവരം പൂർണ്ണമല്ല.

ഓഡിറ്റ് വർഷം നിർവ്വഹണ ഉദ്യോഗസ്ഥൻ ഹെഡ്മാസ്റ്റർ, എസ്.എസ്.എ. വിഹിതമിനത്തിൽ 29.51ലക്ഷം രൂപ പദ്ധതി അടങ്കലിന്റെ 40% കണക്കാക്കി എസ്.എസ്.എ ജില്ലാ പ്രൊജക്ട് ഓഫീസർക്ക് കൈമാറിയിട്ടുണ്ട് (ട്രഷറി ബിൽ.നം.1/24-07-2017₹ 25,00,000 & Ch.No.038824/28-3-2018 ₹ 4,51,000) പ്രൊ.നം.144/18). പരിശോധനയ്ക്ക് ലഭ്യമാക്കിയ വിനിയോഗസാക്ഷ്യപത്രം പ്രകാരം ആകെ അടങ്കലായ 71.78 ലക്ഷം രൂപയിൽ 15-5-2018 വരെയുള്ള ആകെ ചെലവ് 42.76ലക്ഷം രൂപ മാത്രമാണ്. ആകെ ചെലവഴിച്ചത് 42.76 ലക്ഷം രൂപ മാത്രമായതിനാൽ ഇതിന്റെ 40% കണക്കാക്കിയാൽ 17.10 ലക്ഷം രൂപ മാത്രമേ ഗ്രാമ പഞ്ചായത്ത് വിഹിതത്തിൽ നിന്നും വിനിയോഗിക്കപ്പെട്ടിട്ടുള്ളു എന്ന് കാണാവുന്നതാണ്. ഗ്രാമ ഇക്കാര്യം എസ്.എസ്.എ. അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തി ഗ്രാമ പഞ്ചായത്ത് വിഹിതമിനത്തിൽ നല്കിയ തുകയുടെ ഇനം തിരിച്ചുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുവാൻ ആവശ്യപ്പെടേണ്ടതും ഗ്രാമ പഞ്ചായത്ത് വിഹിതമിനത്തിൽ നല്കിയതുകയിൽ ചെലവഴിക്കുവാൻ അവശേഷിക്കുന്ന തുകയുണ്ടെങ്കിൽ ആയത് കണക്കാക്കി അടുത്ത വർഷത്തെ പദ്ധതിയിൽ ഗ്രാമ പഞ്ചായത്ത് വിഹിതമിനത്തിൽ വകയിരുത്തുവാനോ, അല്ലെങ്കിൽ തിരികെ ഗ്രാമ പഞ്ചായത്തിന് ലഭ്യമാക്കുവാനോ ഉള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർ വർഷങ്ങളിൽ എസ്.എസ്.എ പദ്ധതിയ്ക്കായി തുക വകയിരുത്തുമ്പോൾ മുൻവർഷങ്ങളിൽ ചെലവഴിച്ച തുകയുടെ കൃത്യമായ വിനിയോഗ വിവരങ്ങൾ പരിശോധിച്ച് പദ്ധതിപ്രകാരമുള്ള പ്രവർത്തനങ്ങൾ ഗ്രാമ പഞ്ചായത്തിൽ എസ്.എസ്.എ. മുഖാന്തിരം നടപ്പാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 3-11 ലൈഫ് ഭവന പദ്ധതി ഗുണഭോക്തൃപട്ടികയിലുള്ള ഭൂരിപക്ഷവും

## അനർഹർ.

ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന ലൈഫ് ഭവനപദ്ധതിയിൽ ഭവന രഹിതരായ370 ഗുണഭോക്താക്കളാണ് ഉൾപ്പെട്ടിട്ടുള്ളത്. ഭൂരഹിതഭവന രഹിതരുടെ പട്ടികയിൽ 689 പേരും ഉൾ പ്പെട്ടിട്ടുണ്ട്. നിലവിൽ ഭൂരഹിത ഭവന രഹിതരുടെ പട്ടികയിൽ ഉൾപ്പെട്ടവർക്ക് ആനുകൂല്യം നൽകുവാൻ ആരംഭിച്ചിട്ടില്ല . നിർവ്വഹണ ഉദ്യോഗസ്ഥൻ വി.ഇ.ഒ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം സ്വന്തമായി ഭൂമിയുള്ള ഭവന രഹിതരുടെ പട്ടികയിൽ ഉൾപ്പെട്ട 370 പേരിൽ 120 പേർക്കാണ് ലൈഫ് പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം അർഹതയുണ്ടായിരുന്നത്. സ്വന്തമായി റേഷൻകാർഡ് ലഭ്യമല്ലാത്തതിനാലും, സ്ഥലമില്ലാത്തതിനാലും മറ്റ് സാങ്കേതിക തടസ്സങ്ങൾ മൂലവും മറ്റുള്ളവർക്ക് ആനുകൂല്യം അനുവദിക്കുവാൻ സാധിച്ചിട്ടില്ലയെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ സൂചിപ്പിക്കുകയുണ്ടായി. അർഹരായവരിൽ കരാറുടമ്പടി ഒപ്പു വെച്ച് 45 പേർ ഭവന നിർമ്മാണം ആരംഭിച്ചതായും ഇവർക്ക് 2018-19 വർഷം ആദ്യ ഗഡു 40,000 വീതം നൽകിയിട്ടുള്ളതായും നിർവഹണോദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി. മുൻവർഷങ്ങളിൽ നിർമ്മാണമാരംഭിച്ച് ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത 29 ഗുണഭോക്താക്കൾക്ക് ലൈഫ് മാനദണ്ഡപ്രകാരം അധിക ധനസഹായമിനത്തിൽ 26.70 ലക്ഷം രൂപ 2017-18 സാമ്പത്തിക വർഷം അനുവദിക്കുകയുണ്ടായി. ഇതിൽ 23 പേർ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. അവശേഷിച്ച ആറ് ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ 27-09-2018 ലെ 1/1 നമ്പർ തീരുമാന പ്രകാരം ഭൂമിയുള്ള ഭവന രഹിതരുടെ പട്ടികയിൽ ഉൾപ്പെട്ട 370 പേർക്കുള്ള ആനുകൂല്യം നൽകുന്നതിനായി KURDFC യിൽ നിന്നും വായ്പ ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിക്കുവാൻ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട ഒരോ ഗുണഭോക്താവിനും 2.20 ലക്ഷം രൂപ വീതം വായ്പ അനുവദിക്കുന്നതിനാണ് മേൽ സ്ഥാപനവുമായി കരാർ ഒപ്പിട്ടത്. 370 പേരുള്ള പട്ടികയിലെ പല ഗുണഭോക്താക്കളുടേയും അർഹത സംബന്ധിച്ച് അന്തിമ തീരുമാനം ലഭ്യമാകാത്ത സാഹചര്യത്തിൽ അന്തിമമായി അർഹത നേടുന്നവർക്ക് മാത്രമായി വായ്പാ തുക ക്രമീകരിക്കുന്നതിനുള്ള നടപടികൾ ലൈഫ് മിഷനുമായും, വായ്പാ സ്ഥാപനവുമായും ബന്ധപ്പെട്ട് കൈക്കൊള്ളേണ്ടതാണ്. നിലവിൽ ലഭ്യമായ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട ഭൂരിഭാഗം ഗുണഭോക്താക്കളും ലൈഫ് മാനദണ്ഡപ്രകാരം അനർഹരാണ്. കൃത്യമായ പരിശോധനകൾ നടത്താതെ ഗുണഭോക്തൃ പട്ടിക തയ്യാറാക്കിയതിനാലാണ് ഇങ്ങനെ സംഭവിക്കുവാൻ ഇടയായത്. ഇക്കാര്യം പരിശോധിച്ച് ലൈഫ് ഗുണഭോക്തൃ പട്ടികയിലെ അപാകതകൾ പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ഭൂരഹിത ഭവന രഹിതരുടെ പട്ടികയിൽ ഉൾപ്പെട്ടവരുടെ പുനരധിവാസം സംബന്ധിച്ച് ലൈഫ് മിഷൻ നിർദ്ദേശങ്ങൾക്കനുസൃതമായി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗുണഭോക്താക്കളുടെ അർഹത സംബന്ധിച്ച് ലൈഫ് മിഷൻ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ കർശനമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-12 ക്വാറം തികയാതെ ഗ്രാമ സഭകൾ ചേരുന്നു.

2017-18 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ചേർന്ന ഗ്രാമസഭകളിൽ ചുവടെ ചേർത്തവ ആവശ്യമായ ക്വാറം തികയാതെയാണ് ചേർന്നിട്ടുള്ളത്.

ഇക്കാര്യം ഈ വകുപ്പിൽ നിന്നും അംഗീകരിച്ച വാർഷിക റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ .നം | വാർഡ് നം | തിയതി | ക്വാറം |
|---|---|---|---|
| 1 | 1 | 21.04.2017 | 3.39% |
| 2 | 1 | 21.07.2017 | 3.63% |
| 3 | 1 | 24.11.2017 | 4.64% |
| 4 | 5 | 21.11.2017 | 9.98% |
| 5 | 7 | 25.04.2017 | 9.91% |
| 6 | 7 | 23.11.2017 | 8.54% |
| 7 | 7 | 22.02.2018 | 8.80% |
| 8 | 9 | 25.04.2017 | 4.18% |
| 9 | 10 | 24.04.2017 | 4.39% |
| 10 | 10 | 13.07.2017 | 8.72% |
| 11 | 10 | 22.11.2017 | 8.77% |
| 12 | 10 | 25.02.2018 | 8.82% |
| 13 | 11 | 22.02.2018 | 9.75% |
| 14 | 14 | 24.04.2017 | 4.46% |
| 15 | 14 | 20.11.2017 | 4.25% |
| 17 | 15 | 15.07.2017 | 9.66% |
| 18 | 15 | 22.11.2017 | 8.91% |
| 19 | 15 | 28.02.2018 | 8.54% |
| 20 | 16 | 20.04.2017 | 5.21% |
| 21 | 18 | 18.07.2017 | 9.97% |

ആവശ്യമായ ക്വാറം തികയാത്ത ഗ്രാമ സഭകൾ മാറ്റിവെച്ച് വീണ്ടും ചേരണമെന്ന ചട്ടം പാലിക്കുവാൻ അധികൃതർ നടപടികൾ സ്വീകരിച്ച് കാണുന്നില്ല. ഇക്കാര്യം പരിശോധിച്ച് ഉചിതമായ നടപടികൾ കൈക്കൊള്ളുവാൻ ഭരണ സമിതിയുടേയും ഭരണ വകുപ്പിന്റെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (രൂപ) | പ്രൊജക്ടിന്റെ പേര് | ചെലവ് (രൂപ) | ബാലൻസ് (രൂപ) |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 40,000 | പാലിന് സബ്സിഡി (പ്രൊജ നം-298/18) | 39,885 | 115 |
| | 2017-18 | 38,00,000 | ലൈഫ് പദ്ധതി-പണി പൂർത്തിയാക്കാത്ത വീടിന് ധനസഹായം (പ്രൊജ നം-203/18) | 20,50,000 | 17,50,000 |
| | 2017-18 | 2,55,000 | പച്ചക്കറികൃഷിക്ക് കൂലി ചെലവ് (പ്രൊജ നം-205/18) | 2,55,000 | 0 |
| | 2017-18 | 1,48,700 | മാനസിക വെല്ലുവിലി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (പ്രൊജ നം-163/18) | 1,48,700 | 0 |
| | 2017-18 | 2,00,000 | പാലിയേറ്റീവ് കെയർ (പ്രൊജ നം-112/18) | 0 | 2,00,000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 802570 | നെൽകൃഷിക്ക് കൂലി ചെലവ് ( SO -115/18 ) | 8,02,570 | 0 |
| | 2017-18 | 1,00,000 | പാലിയേറ്റീവ് കെയർ (പ്രൊജ നം-112/18) | 0 | 1,00,000 |
| | 2017-18 | 10,00,000 | കിണർ റീചാർജ്ജ് | 0 | 10,00,000 |

| | | | | | |
|---|---|---|---|---|---|
| | | | (പ്രൊജ നം-182/18) | | |

വിവിധ പദ്ധതികൾക്കായി മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച തുകകളിൽ ചെലവഴിക്കുവാനവശേഷിക്കുന്ന തുക വിനിയോഗിക്കുവാൻ സാധിക്കുന്നില്ലയെങ്കിൽ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് എത്രയും വേഗംകൈമാറേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രൊജക്ടിന്റെ പേര് | വൗച്ചർ നം / ബിൽ .നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ അവശേഷി ക്കുന്ന തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കിദൂർ കുണ്ടങ്കാരടക്ക എസ് സി കോളനി കുടിവെള്ള പദ്ധതി (പ്രൊജ നം.349/18) | ബിൽ.നം10 തീയതി:31.03.2018 | 24,05,916 | 0 | 24,05,916 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

തൻവർഷം ഈയിനത്തിൽ വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|

| വർഷം | ഖണ്ഡിക നം. | വർഷം | ഖണ്ഡിക നം. | | |
|---|---|---|---|---|---|
| 1997-98 | 28 | 2001-02 | 14-1 | കുഴൽക്കിണർ-വിൽപ്പന നികുതി ഈടാക്കാത്തത് | തൽസ്ഥിതി തുടരുന്നു |
| 1997-98 | 31 | 2001-02 | 14-2 | ആട്, പശു വിതരണം-അധിക സബ്സിഡി | തൽസ്ഥിതി തുടരുന്നു |
| 2000-01 | 14 | 2007-08 | 3-66-3 | ഭവന നിർമാണ ബോർഡ് നിക്ഷേപം-വിനിയോഗ വിവരങ്ങൾ ഇല്ലാത്തത് | തൽസ്ഥിതി തുടരുന്നു |
| 2013-14 (വിഷയാധിഷ്ഠിത അവലോകനം | - | 2013-14 | 5-2 | ത.സ്വ.ഭ.സ്ഥാപനങ്ങളും വിദ്യാഭ്യാസവും | തൽസ്ഥിതി തുടരുന്നു |
| 2015-16 | 2-1, 2-2 | 2016-17 | അധ്യായം -2 അനുബന്ധം-5 | തൊഴിൽ നികുതി | തുടരുന്നു |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ 8,63,53,916 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ 9,47,03,387 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ 4,150/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹1,19,698/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ 8,19,500/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ (രൂപ) | സർചാർജ് ചെയ്യാവുന്നവ (രൂപ) | |
| 2.3(1) | 2,100/- | - | രാമകൃഷ്ണൻ.കെ സെക്രട്ടറി |
| | 2,050/- | - | വേണു.ബി. അസി.സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്ജ്) |
| 3-1 | ഇല്ല | ₹ 1,19,698/- | ₹ 59,849/-രാജീവൻ ഉറുമിവളപ്പിൽ, അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ |
| | | | ₹ 59,849/-ശ്രീമതി.ജനോവ.കെ.വി, അസിസ്റ്റന്റ് എഞ്ചിനീയർ, |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 4,84,500 | രാമചന്ദ്ര ഭട്ട്, ഹെഡ്മാസ്റ്റർ |
| 3-5 | 3,35,000 | ഡോ.സൂസൻ വർഗ്ഗീസ്, വെറ്റിനറി സർജ്ജൻ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | ഔദ്യോഗിക മേൽവിലാസം | |
|---|---|---|
| രാജീവൻ ഉറുമിവളപ്പിൽ, അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ | അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ, നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് | ഭുവി, മൈത്രിറോഡ്, പീരക്കാംതടം, പിലാത്തറ.പി.ഒ, കണ്ണൂർ-670504. |
| ജനോവ.കെ.വി, അസി.എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, വരന്തരപ്പള്ളി ഗ്രാമ പഞ്ചായത്ത്, തൃശ്ശൂർ ജില്ല. | ജനോവ.കെ.വി, അസിസ്റ്റന്റ് എഞ്ചിനീയർ, ചെറപ്പറമ്പിൽ-ഹൗസ്സ്, നെല്ലായി(പി.ഒ), തൃശ്ശൂർ - 680305 |
| രാമകൃഷ്ണൻ.കെ, സെക്രട്ടറി | രാമകൃഷ്ണൻ.കെ, സെക്രട്ടറി, കുറുമാത്തൂർ ഗ്രാമ പഞ്ചായത്ത് കണ്ണൂർ ജില്ല. | കടവത്ത് വയൽ, പാപ്പിനിശ്ശേരി.പി.ഒ. 670561. |
| വേണു.ബി, അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്ജ്) | വേണു.ബി, അസിസ്റ്റന്റ് സെക്രട്ടറി, കുളക്കട ഗ്രാമ പഞ്ചായത്ത്, മാവടി.പി.ഒ, കൊല്ലം – 691507. | ചൂരക്കാട് വീട്, കലയപുരം.പി.ഒ, കൊട്ടാരക്കര, കൊല്ലം – 691 560. |

## 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1984-85 | LFC7/1571/89 Dated 08.12.1989 | 12 |
| 1986-87 | LFC7/1542/91 Dated,21-12-91 | 13 |
| 1987-88/ 88-89 | LFKSD1/131/94 Dated, 24.06.96 | 6 |
| 89-90, 90-91 | LFKSD5/354/99 Dated 08.12-99 | 3 |
| 91-92/92-93 | LFKSD5/306/2000 Dated 14-02-01 | 8 |
| 93-94 to 95-96 | LFKSD6/594/04 Dated 11.05.05 | 1 |

| | | |
|---|---|---|
| 96-97 | LFKSD6/826/04, Dated 11.05.05 | 8 |
| 96-97(Expt) | LFKSD5/38/98 Dated 10.01.02 | 12 |
| 97-98 (do) | LFKSD5/293/01 Dated 17.09.01 | 22 |
| 97-98 | LFKSD1/579/05 Dated 07.12.05 | 8 |
| 98-99 (Plan Fund) | LFKSD6/354/04 Dated 11.01.06 | -- |
| 99-00(do) | LFKSD6/358/04/Dated 11.01.06 | 4 |
| 00-01(do) | LFKSD6/365/04/ Dated, 11.01.06 | 7 |
| 2001-02 (do) | LFKSD6/359/04, Dated, 11.01.06 | --- |
| 2000-01(final) | LFKSD4/681/06, Dated, 09.03.07 | 15 |
| 1999-00(do) | LFKSD4/680/06, Dated, 15.02.07 | 14 |
| 98-99(do) | LFKSD6/120/06 Dated 23.01.07 | 9 |
| 2001-02(do) | LFKSD4/985/08 Dated,04.06.09 | 6 |
| 2002-03 | LFKSD4/986/08, Dated, 9.09.09 | 10 |
| 2003-04 | LFKSD4/222/09 Dated, 13.07.10 | 8 |
| 2004-05 | LFKSD4/229/09 Dated, 26.08.10 | 10 |
| 2005-06 | LFKSD4/230/09/Dated,27.08.10 | 15 |
| 2006-07 | LFKSD4/406/09 Dated, 27.09.10 | 18 |
| 2007-08 | LFKSD4/466/09 Dated, 28.08.11 | 8 |
| 2008-09 | LFKSD4/166/12 Dated, 09.08.12/11.12.12 | 18 |
| 2009-10& 2010-11 | LFKSD4/125/13 Dated, 27.07.13 | 22 |
| 2011-12 | LFKSD4/921/13, Dated,12.6.14 | 20 |

| | | |
|---|---|---|
| 2012-13&<br>2013-14 | LFKSD8/ 28/15, Dated, 09.11.15 (FR) | 19 |
| 2014-15 | KSA-KSD6/664/2015 dated 11.07.2016 | 15 |
| 2015-16 | KSA-KSD6/33/2017dated 17.01.2017 | 8 |
| 2016-17 | KSA-KSD6/732/2017dt. 5.07.2017 | 28 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്-4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ.) 1413/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കുമ്പള ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-(3) ൽ ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

തീയ്യതി: 18.12.2018.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം-2

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| |
|---|
| Kumbla Grama Panchayat RECEIPT & PAYMENT STATEMENT |

| For the period from 01-April-2017 to 31-March-2018 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 14705313.64 |
| Cash | Cash | RP-40(a) | 107398.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1865783.00 |
| 130000000 | Rental income from Panchayat Properties | RP-3 | 12000.00 |
| 140000000 | Fees & User Charges | RP-4 | 844736.00 |
| 150000000 | Sale & Hire Charges | RP-5 | 349618.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 63836159.00 |
| 171000000 | Interest Earned | RP-9 | 419321.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 10195725.00 |
| 350000000 | Other Liabilities | RP-36 | 305987.00 |
| | Non Operating | | |
| 170000000 | Income from Investments | RP-8 | 0.0 |
| 180000000 | Other Income | RP-10 | 400.00 |
| 340000000 | Deposits Received | RP-34 | 49788.00 |
| 350000000 | Other Liabilities | RP-36 | 702391.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 7756008.00 |
| 460000000 | Loans, Advances and Deposits | RP-47 | 16000.00 |

| | | | |
|---|---|---|---|
| | Grand total | | 101166627.64 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4300349.00 |
| 220000000 | Administrative Expenses | RP-12 | 886450.00 |
| 230000000 | Operations & Maintenance | RP-13 | 1340276.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 5512338.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 15532098.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 498876.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 1136128.00 |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 1033800.00 |
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 19747673.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 484500.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 15000.00 |
| 280000000 | Prior Period item | RP-26 | -216.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 381750.00 |
| 350000000 | Other Liabilities | RP-36 | 6753613.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 110734.00 |
| 280000000 | Prior Period Item | RP-26 | -2420.00 |
| 340000000 | Deposits Received | RP-34 | 56200.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 1949267.00 |
| 410000000 | Fixed Assets | RP-38 | 21897975.00 |
| 412000000 | Capital work in Progress | RP-40 | 5168306.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 7357668.00 |
| 460000000 | Loans, Advances and Deposits | RP-47 | 543022.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 6273699.64 |
| Cash | Cash | RP-40(b) | 189541.00 |
| | Grand Total | | 101166627.64 |

# അനുബന്ധം-3

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| |
|---|
| Kumbla Grama Panchayat INCOME & EXPENDITURE STATEMENT |
| For the period from 01-April-2017 to 31-March-2018 |

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 8119908.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 1795903.00 |
| 140000000 | Fee & User Charges | I-4(b) | 1093896.00 |
| 150000000 | Sale & Hire Charges | I-5(b) | 349618.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 127541744.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 419321.00 |
| 180000000 | Other Income | I-9 | 400.00 |
| | Total Income | | 139320790.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 12635614.00 |
| 220000000 | Administrative Expenses | I-11(b) | 886450.00 |
| 230000000 | Operations & Maintenance | I-12(b) | 1340276.00 |
| 240000000 | Interest & Finance Charges | I-13 | 110734.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 11097569.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 23497915.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 498876.00 |

| | | | |
|---|---|---|---|
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1136128.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 55890600.00 |
| 255000000 | Maintenance Projects | I-14(e) | 19747673.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 484500.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 15000.00 |
| 272000000 | Depreciation | I-17(a) | 3398139.00 |
| | Total Expenditure | | 130739474.00 |
| | Gross Surplus/ Deficit of income over Expenditure | | 8581316.00 |
| 280000000 | Prior Period Item | I-18 | -2636.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 8583952.00 |

| | | | |
|---|---|---|---|
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-4

## ബാലൻസ് ഷീറ്റ്

| |
|---|
| Kumbla Grama Panchayat BALANCE SHEET |
| As on 31-March-2018 |

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 31058464.17 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 3527.00 |
| 312000000 | Reserves | B-3 | 47300252.00 |
| | Total Reserve & Surplus | | 78362243.17 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 9486090.00 |
| | Total Grants, Contributions for Specific Purposes | | 9486090.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 295330.00 |
| 350000000 | Other Liabilities | B-9 | 2333892.37 |
| | Total Current Liabilities and Provisions | | 2629222.37 |
| | TOTAL LIABILITIES | | 90477555.54 |
| | ASSETS | | |

| | | | |
|---|---|---|---|
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 86416178.00 |
| 411000000 | Accumulated Depreciation | B-11 | -16229318.00 |
| 412000000 | Capital Work in Progress | B-11(a) | 2405916.00 |
| | Total Fixed Assets | | 72592776.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 11004460.90 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 6463240.64 |
| 460000000 | Loand, Advances and Deposits | B-18 | 417078.00 |
| | Total Current Assets, Loans and Advances | | 17884779.54 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 90477555.54 |